




# ഉപദേശവും ദുരുപദേശങ്ങളും

ഡോ: ജോൺസൺ സി. ഫിലിപ്പ്
ഡോ: സനീഷ് ചെറിയാൻ

A Book By
**Brethren Research Group**

## ഒരു വാക്ക്

തിരുവചന സത്യങ്ങൾക്കായി നിലകൊള്ളുകയും ദൈവജനത്തെ തിരുവചന സത്യങ്ങളിൽ അറിവുള്ളവരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 1997–ൽ ആരംഭിച്ച് ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് കഴിഞ്ഞ നാളുകളിൽ ദുരുപദേശങ്ങൾക്കെതിരെ പടപൊരുതുകയും ദൈവം വിജയം നൽകുകയും ചെയ്തു. സ്ഥലകാല ഭേദമെന്യേ വെളിച്ചദൂതന്റെ വേഷത്തിൽ വേർപാടു സഭകളിൽ നുഴഞ്ഞു കയറുന്ന ദുരുപദേശ സംഘങ്ങളോടു എതിർത്തു നിൽക്കുവാൻ വിശ്വാസികളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ ഗ്രന്ഥം ഞങ്ങൾ തയ്യാർ ചെയ്തിരിക്കുന്നത്. അടിസ്ഥാന ഉപദേശങ്ങൾ എന്ന സീരിസിലെ രണ്ടാമത്തെ പുസ്തകമാണിത്. ഉപദേശവും ദുരുപദേശങ്ങളും എന്ന ഈ പുസ്തകം നിങ്ങൾക്ക് അനുഗ്രഹകരമാകും എന്ന പ്രതീക്ഷയോടെ,

ബ്രദറൺ റിസേർച്ച് ഗ്രൂപ്പ്

## ആമുഖം

തിരുവചനത്തിലും അതിന്റെ അപ്രമാദിത്വ അബദ്ധരാഹിത്യ ദൈവശ്വാസിയ സ്വഭാവങ്ങളെ പരിത്യജിക്കയും ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും അസ്തിത്വത്തെയും ആളത്വത്തെയും നിഷേധിക്കയും ചെയ്യുന്ന ഏതു വ്യക്തിയും ദുരുപദേശകനാണ്. ഇവരുടെ സംഘടിത രൂപമുള്ളതിനാൽ കൾട്ടുകൾ അഥവാ ദുരുപദേശക സംഘടനകൾ എന്ന നിലയിൽ നാം അവരെക്കുറിച്ച് പഠിക്കുന്നതാണ്.

എ.ഡി. 1750-നുശേഷം ഉടലെടുത്തിട്ടുള്ളതും ക്രിസ്തു ശാസ്ത്രത്തെയോ, രക്ഷാശാസ്ത്രത്തെയോ അതുപോലെ ദൈവശാസ്ത്രത്തെയോ ഏതെങ്കിലും ഒരു പ്രധാന ഉപദേശത്തേയോ കോട്ടിക്കളയുകയും ബൈബിളിന് വെളിയിലും ദൈവത്തിന്റെ അരുളപ്പാടുകൾ ഉണ്ട് എന്ന് വിശ്വസിക്കുകയും ചെയ്യുന്ന ദുരുപദേശ സംഘടനയെ കൾട്ട് എന്നു വിളിക്കാം (Believers study Bible p. 1885 see cult) Websters nineth new collegiate Dictionary (1988) കൾട്ടുകൾക്ക് കൊടുത്തിരിക്കുന്ന നിർവ്വചനം **“ശുദ്ധകല്പിതമായതും യഥാസ്ഥിതികമല്ലാത്തതുമായ ഒരു മതോപദേശ സമൂഹം”** എന്നാണ്. കൾട്ടുകൾ എന്ന വാക്ക് cult എന്ന മൂലപദത്തിൽ ഇന്നും ഉരുത്തിരിഞ്ഞതാണ്. അതിന്റെ അർത്ഥം ആരാധന അഥവാ ഉപാസന ഒരു ആചാരമായി മാറുകയും അതിൽ ആനന്ദലഹരി കണ്ടെത്തുകയും ചെയ്യുകയും ചെയ്യുക എന്നതാണ്.

ഇന്ന് വിവിധങ്ങളായ കൾട്ടുകൾ ഉണ്ട് എങ്കിലും ഇവയ്ക്കെല്ലാം പൊതുവായ ചില സ്വഭാവങ്ങൾ ഉണ്ട്:

1. ജീവിതരീതിയിലും തത്വങ്ങളിലും സ്വാധീനം ചെലുത്തുന്ന ഒരു ഭരണകേന്ദ്രം അഥവാ വ്യക്തി ഉണ്ടായിരിക്കും.
2. ‘ഞങ്ങൾ’ എന്നു തങ്ങളേയും ‘അവർ’ എന്നു കൾട്ടിൽപ്പെടാത്തവരേയും വിശേഷിപ്പിച്ച് ജനത്തെ രണ്ടായി കാണുക.
3. ഞങ്ങൾ അനുഗ്രഹീതർ അവർ ശാപയോഗ്യർ എന്ന് ചിന്തിക്കുക.
4. പുറം ലോകവുമായി അകന്നു കഴിയുന്നതാണ് ഇവർക്ക് പഥ്യം.

കൾട്ടുകളുടെ തത്വശാസ്ത്രം ബഹുവിധമായിരിക്കും. വളരെ കർക്കശമായി ജീവിത വിശുദ്ധിക്ക് ശ്രമിക്കുന്നവർ മുതൽ ഒരു തത്വദീക്ഷയുമില്ലാതെ ലൈംഗിക അരാജകത്വത്തിൽ അഴിഞ്ഞാടുന്നവർ വരെ ഈ കൂട്ടത്തിൽ ഉണ്ട്. നേതൃത്വഭക്തി അഥവാ നായകാരാധന ഇവരുടെ ഒരു പ്രത്യേകതയാണ്. നേതാവിന്റെ ആജ്ഞ ദൈവവചനമായിത്തന്നെ ഇവർ കണക്കാക്കും അതിനെ ശിരസ്സാവഹിച്ച് നേതാവിനായി എന്തു ത്യാഗവും സഹിക്കാൻ ഇക്കൂട്ടർ ഒരുക്കമായിരിക്കും. അത് സ്ഥാപകനായ നേതാവോ അഥവാ ഇപ്പോൾ ഉള്ള തലവനോ ആരു തന്നെയായാലും “തിരുവായ്ക്ക് എതിർവായില്ലാ” എന്ന അവസ്ഥയായിരിക്കും. തങ്ങളുടെ തത്വങ്ങൾ മാത്രം ശരി എന്ന് വീമ്പിളക്കുകയും ബാക്കി സകലരും (അവർ) തെറ്റി നാശയോഗ്യരാണ് എന്ന് കരുതുന്നവരാണ് ഇവർ.

സാധാരണയായി കൾട്ടുകൾ തങ്ങളുടെ കൂട്ടത്തിൽ ആളുകളെ ചേർക്കുവാൻ വളരെ ശ്രമിക്കാറുണ്ട്. അതിനായി അവർ സാധാരണ ഉപയോഗിക്കുന്ന ഒരു പദം "Fishing' എന്നാണ്. ഈ മീൻപിടുത്തക്കാർ തങ്ങളുടെ സ്നേഹവലയിൽ നിരാശയിലും പ്രശ്നത്തിലും പ്രയാസത്തിലും കിടന്ന് മാനസിക സംഘർഷം അനുഭവിക്കുന്ന വ്യക്തികളെ കുടുക്കുന്നു. സ്നേഹവലയിൽ ഒരുവൻ അകപ്പെട്ടു പോയാൽ താൻ പിടിക്കപ്പെട്ടു പോയി എന്ന് മനസ്സിലാക്കുക വളരെ നാളുകൾക്ക് ശേഷമായിരിക്കും. കൾട്ടുകൾ തങ്ങളുടെ സ്നേഹവലയിൽ കുടുക്കുവാൻ ഒരു സ്നേഹസദ്യക്കോ, വിരുന്നിനോ, യോഗങ്ങൾക്കോ വിളിക്കും. അവിടെ അവർ ആ വ്യക്തി തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടാലുള്ള ഗുണങ്ങളെ ധരിപ്പിക്കുന്നു. അവിടെ ആ വ്യക്തിയുടെ ഉള്ളിൽ ഞാൻ സ്നേഹിക്കപ്പെടുന്നു എന്ന ഒരു ചിന്ത ഉടലെടുപ്പിക്കുന്നു. വളരെ പതുക്കെ

അവരുടെ ചിന്താധാരയിലേക്ക് അവർ ആ വ്യക്തിയെ നയിക്കുന്നു. അവനും തങ്ങൾ മാത്രം ശരി എന്ന ചിന്തയ്ക്ക് അധീനനായിത്തീരുന്നു. തങ്ങളുടെ കൂട്ടംവിട്ട് പുറത്തു പോകുകയാണെങ്കിൽ അവിടെ നാശയോഗ്യമായ ഒരു ലോകവും സാത്താന്റെ കരങ്ങളും കാത്തിരിക്കുന്നു എന്നും ഈ കൾട്ട് ഉപേക്ഷിച്ചാൽ ദൈവകോപം വരും എന്നുമുള്ള ചിന്ത ആ വ്യക്തിയെ ഭരിക്കുന്നതുമൂലം ഒരിക്കലും അവന് സ്വതന്ത്രനാകാൻ കഴിയാതെ വരുന്നു. ആ കൂട്ടരുടെ അടിമയായി അവനും ജീവിക്കുന്നു.

ഒരു കൾട്ടിൽ ചേർന്നാൽ ഒരു വ്യക്തി തനിക്കു സംഭവിക്കുന്ന ചില സാധാരണ കാര്യങ്ങൾ അറിഞ്ഞിരിക്കണം.

1. നാഡീവ്യൂഹത്തിലെ തകരാറ്
2. ആത്മഹത്യാവാസന അഥവാ ജീവാബോധനാശം
3. കുറ്റബോധം
4. സ്വന്തമായി ചിന്തിച്ച് തീരുമാനങ്ങൾ എടുക്കുവാനുള്ള സ്വാതന്ത്ര്യം നഷ്ടമാകുക.

ഈ പ്രശ്നങ്ങൾ തിരിച്ചറിയാതിരിക്കുവാൻ തങ്ങളുടെ ഇരകളെ ചുവടെ ചേർക്കുംവിധം സ്വാധീനിക്കുന്നു.

1. **സമ്പൂർണ്ണ വിധേയത്വം:**

   കൾട്ടു സംഘടനയോട് പൂർണ്ണമായി വിധേയപ്പെട്ടു ജീവിക്കുവാൻ ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം ശാരീരികമായിട്ടും മാനസികമായിട്ടും ക്ലേശം സംഭവിക്കും എന്ന മിഥ്യാബോധം ജനിപ്പിക്കുന്നു.

2. **ഭക്ഷണ ശീലത്തിൽ മാറ്റം:**

   ഒരു കൾട്ടിൽ അംഗമായാൽ അവരുടെ രീതിയിൽ ഭക്ഷണക്രമം മാറ്റിയെടുക്കുവാൻ ആവശ്യപ്പെടുക സ്വാഭാവികമാണ്.

3. **മന്ത്രങ്ങളും ധ്യാനങ്ങളും:**

   യുക്തിമയമായ ചോദ്യങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടി ധ്യാനങ്ങളും മന്ത്രോച്ചാരണങ്ങളും വ്യക്തികളെ കൊണ്ട് ചെയ്യിപ്പിക്കുന്നു. ആ പ്രക്രിയയിൽ വിവേചനാശീലം നശിപ്പിക്കുന്നു. അതായത് ഒരു പരിധിക്കപ്പുറം ചിന്തിക്കാത്ത നിലയിൽ മനസ്സിന്റെ ഗതിവഗതികൾക്ക് മാറ്റം വരുത്തി ഒരു മായാവലയത്തിനുള്ളിൽ ഒരു വ്യക്തിയെ കൊണ്ടെത്തിക്കുന്നു.

4. **ഐകമത്യം:**

   കൾട്ട് സംഘടനയിലെ മറ്റു വ്യക്തികളോട് ഐക്യമത്യപ്പെട്ടു എന്നു കാണിക്കുവാൻ വേഷവിധാനങ്ങളിൽ മാറ്റം ആവശ്യപ്പെടുന്നു. തൻമൂലം ആ വ്യക്തിയുടെ വ്യക്തിത്വം നശിക്കുന്നു.

5. **ഉപദേശ വിഷയങ്ങളിലെ കുഴച്ചിലുകൾ:**

   കൾട്ടുകൾ ഒരിക്കലും എല്ലാ സത്യങ്ങളെയും അംഗീകരിക്കില്ല. ഏതെങ്കിലും ഒരു വിഷയമെടുത്ത് അതിനെ പെരുപ്പിച്ച് കാണിക്കുക സ്വാഭാവികമാണ്. അതിന്റെ ഉപോൽബലകം എന്നു വരുത്തിതീർക്കുവാൻ മറ്റു ഉപദേശങ്ങളെ കുഴച്ചു മറിക്കുക മറ്റൊരു തന്ത്രമാണ്.

6. **അനന്യത്വം:**

   തങ്ങൾ ഉൾപ്പെട്ട സമൂഹം മാത്രമാണ് ശരിയെന്നും അതിനു പുറത്തുള്ള സർവ്വരും തെറ്റിലകപ്പെട്ടവരാണെന്നും ഉള്ള ചിന്ത ഈ അംഗങ്ങളിൽ "ഞങ്ങൾ", "അവർ" എന്ന് മനുഷ്യരെ കാണുന്ന ഒരു ചിന്താധാര ഉടലെടുപ്പിക്കുന്നു.

7. **സാമ്പത്തിക കീഴ്പ്പെടുത്തൽ:**

ഒരു കൾട്ടിൽ അംഗമായിക്കഴിഞ്ഞാൽ സാധാരണ തന്റെ സ്വത്തു മുഴുവനോ അഥവാ നല്ലൊരു ഭാഗമോ ആ കൾട്ടു ഗ്രൂപ്പിനു കൊടുക്കേണ്ടിവരുന്നു. അങ്ങനെ തന്റെ സ്വത്ത് അവിടെയിരിക്കുന്നതുകൊണ്ട് അവിടെ അവന്റെ ഹൃദയവും ബന്ധിക്കപ്പെടുന്നു.

8. **ഹിപ്നോട്ടിക് രീതികൾ:**

ഒരേ വാക്കു തന്നെ ആവർത്തിപ്പിക്കുകയോ ആവർത്തിച്ച് പാടിക്കയോ ചെയ്യുകനിമിത്തം അവന്റെ ബുദ്ധിയുടെ പ്രവർത്തനം ബാധിക്കപ്പെടുന്നു. ഇത് ഒരുവിധം ഹിപ്നോട്ടിസമാണ്.

9. **പുറംലോകവുമായി ബന്ധം വിച്ഛേദിക്കൽ:**

തന്റെ ഭവനത്തിൽ നിന്നും സുഹൃത്വലയത്തിൽ നിന്നും അകന്നു പോകുക വഴി താൻ ലോകത്തിൽ ഒറ്റയ്ക്കാണ് എന്ന ചിന്തയും അതിനു ബദലായി ആ കൾട്ടിനോടുള്ള ആശ്രയം കൂടുകയും ചെയ്യുന്നു.

10. **സ്വകാര്യ ജീവിതത്തിലെ ആക്രമണം:**

പുതുതായി കൾട്ടിൽ അംഗമായിത്തീരുന്ന വ്യക്തികളുടെ ജീവിതത്തിലേക്ക് കയറിക്കൂടുക കൾട്ടുകളുടെ ഒരു രീതിയാണ്. പൂർണ്ണമായി തന്റെ രഹസ്യങ്ങൾ പങ്കുവെച്ചു കഴിഞ്ഞാൽ അവൻ ആ കൾട്ട് ഗ്രൂപ്പിന് അടിമയായി.

11. **സ്നേഹബോംബ്:**

വ്യക്തിപരമായുള്ള കരുതൽ, നിരന്തരമായുള്ള സ്നേഹസംഭാഷണം ഒരു വ്യക്തിയെ കൾട്ടുകളുടെ ചതിയിൽ കുടു ക്കുന്നു. താമസിയാതെ ആ സ്നേഹബോംബ് പൊട്ടുകയും അവന്റെ അസ്ഥിത്വം അഥവാ യഥാർത്ഥ വ്യക്തിത്വം നശിക്കുകയും ചെയ്യുന്നു.

12. **ദീർഘമായ പ്രസംഗം:**

ദീർഘമായ പ്രസംഗങ്ങളും, ആശയക്കുഴപ്പം ജനിപ്പിക്കുന്ന വാദഗതികളും, പുതിയത് എന്ന് തോന്നിക്കുന്ന പല പ്രയോഗങ്ങളും ഒരു വ്യക്തിയെ വീഴിക്കുവാൻ ഇവർ ഉപയോഗിക്കുന്ന ആയുധങ്ങളാണ്.

13. **പുതിയ ബന്ധം:**

സാധാരണയായി കൾട്ട് ഗ്രൂപ്പിൽ അംഗമായാൽ ആ ഗ്രൂപ്പിൽനിന്നുതന്നെ വിവാഹം കഴിക്കുവാൻ അവർ പ്രേരിപ്പിക്കുന്നു. അത് ആ വ്യക്തിയെ തങ്ങളുടെ ഗ്രൂപ്പിൽതന്നെ തളച്ചിടേണ്ടതിനാണ്.

14. **യുക്തിയുക്തമല്ലാത്ത പ്രവർത്തനം:**

വിനോദങ്ങളും മറ്റെല്ലാ പ്രവർത്തനങ്ങളും കൾട്ട് നേതാവിന്റെ നിയന്ത്രണത്തിലാക്കുക വഴി ഒരു വ്യക്തിക്ക് സ്വയമായി ചിന്തിക്കുന്നതിനോ തീരുമാനമെടുക്കുന്നതിനോ കഴിയാതെ വരുന്നു. അങ്ങനെ അവനെ യുക്തിയുക്തമല്ലാത്ത പ്രവർത്തനത്തിന് വിധേയമാക്കുന്നു.

15. **പാട്ടിലാക്കുന്ന പ്രവർത്തനം:**

മിക്ക കൾട്ടുകളും ഉപയോഗിക്കുന്ന ഒരു രീതി ഒരുവനെ തങ്ങളുടെ കൂടാരത്തിൽ അകപ്പെട്ടാൽ മറിച്ച് ചിന്തിക്കുവാൻ അവന് അവസരം നൽകാതിരിക്കാനും അവർ ശ്രമിക്കുന്നു.

16. **താനും തുല്യനാണെന്ന മിഥ്യാബോധം ജനിപ്പിക്കുക:**

പുതുതായി കൾട്ടിൽ അംഗമാകുന്ന ഒരു വ്യക്തി താനും പണ്ടു തന്നെ കൾട്ടിൽ അംഗമായിരുന്നവരോട് തുല്യൻ തന്നെയാണ് എന്ന ഒരു മിഥ്യാധാരണ അവർ ജനിപ്പിക്കു

ന്നു. ആ മിഥ്യാധാരണ ഒരുവനിൽ സന്തുഷ്ടി ഉളവാക്കുന്നു.

**17. വിവേക അധ:പതനം:**

കൾട്ടിൽ അംഗമായിത്തീരുന്ന ഒരു വ്യക്തിയെ നീണ്ട കൾട്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക വഴി മാനസികമായി ക്ഷീണിപ്പിക്കുന്നു. നീണ്ട കൾട്ട് പ്രവർത്തനങ്ങൾ ചിന്തയെ സ്വാധീനിക്കുകയും ചെയ്യുന്നു.

**18. ചോദ്യം ചെയ്യപ്പെടാത്ത വിധേയത്വം:**

നേതാവിന്റെ ഏതാശയങ്ങളെയും ചോദ്യം ചെയ്യാതെ ശിരസ്സാ വഹിക്കുന്ന ഒരുവന് കൾട്ടിൽ ഉന്നതസ്ഥാനം ലഭിക്കണമെന്ന ആശയാൽ എല്ലാ അംഗങ്ങളും ഒരുപോലെ നേതാവിനെ പ്രസാദിപ്പിക്കുക എന്ന ആശയത്തിൽ എത്തിച്ചേരുന്നു. അങ്ങനെ നേതാവിനെ ആരും ചോദ്യം ചെയ്യാതെ എല്ലാവരും സമ്പൂർണ്ണ വിധേയത്വത്തിൽ ആയിത്തീരുന്നു.

**19. വ്യക്തിത്വം ഉപേക്ഷിക്കുന്നു:**

ഒരു കൾട്ട് ഗ്രൂപ്പിൽ അംഗമായിത്തീർന്ന വ്യക്തി സ്വയമായി ചിന്തിക്കുക സ്വാഭാവികമല്ല. തങ്ങളുടെ നേതാവോ സംഘടനയോ ഏതുതന്നെ പറഞ്ഞാലും അവൻ അതിനെ സിരസ്സാ വഹിക്കുന്നു. അങ്ങനെ അവൻ തന്റെ വ്യക്തിത്വം ഉപേക്ഷിച്ച് "പരപുരുഷ വിധേയൻ" ആയിത്തീരുന്നു.

## 1. വിവിധതരം കൾട്ടുകൾ

ഇന്ന് ലോകത്തിൽ അനേകം മതവിശ്വാസങ്ങൾ ഉണ്ട്. ഈ മതവിശ്വാസങ്ങൾ എല്ലാം കൾട്ടുകൾ ആണെന്നു പറയാൻ സാദ്ധ്യമല്ല. ക്രിസ്തുമതത്തിൽ നിന്നും ഉടലെടുത്തവയെ മാത്രമെ കൾട്ടുകൾ എന്നു പറയാവൂ. എങ്കിൽ തന്നെ മറ്റു വിശ്വാസങ്ങളെയും ഉൾപ്പെടുത്തി ചിന്തിക്കുമ്പോൾ വിവിധ മതവിശ്വാസങ്ങളെ വിഭാഗങ്ങളായി തിരിക്കാവുന്നതാണ്.

1. ക്രൈസ്തവ കൾട്ടുകൾ
2. മറ്റു മതവിശ്വാസങ്ങൾ
3. മതനിരപേക്ഷ വിഭാഗങ്ങൾ
4. ഗുപ്തമായ വിശ്വാസങ്ങൾ

### 1. ക്രൈസ്തവ കൾട്ടുകൾ

ക്രൈസ്തവ ലോകത്തെ കൾട്ടുകളിൽ പ്രധാനപ്പെട്ടവ - യഹോവാ സാക്ഷികൾ, മോർമോൺസ്, യൂണിഫിക്കേഷൻ ചർച്ച്, ദി വേ ഇന്റർ നാഷണൽ, ദ വേൾഡ് വൈഡ് ചർച്ച് ഓഫ് ഗോഡ്, ക്രിസ്ത്യൻ സയൻസ്, ചിൽഡ്രൻ ഓഫ് ഗോഡ് (Family of Love); ഓഫ് ദ ലിവിംഗ് വേഡ്, ചർച്ച് യൂണിവേഴ്സൽ ആൻഡ് ട്രയംഫന്റ്, ഹോളി അൽമോ ക്രിസ്ത്യൻ ചർച്ച്, ദ വേയ് ഇന്റർ നാഷണൽ കമ്മ്യൂണിറ്റി ഓഫ് ക്രൈസ്റ്റ്, ദ ഓർഗനൈസ്ഡ് ചർച്ച് ഓഫ് ലാറ്റർ ഡേ സെയിന്റ്സ്, ദി യൂണിറ്റി സ്കൂൾ ഓഫ് ക്രിസ്റ്റ്യാനിറ്റി മുതലായവയാണ്. ഈ പട്ടിക ഇപ്പോഴും നീണ്ടു പോകയാണ്.

### 2. മറ്റു മതവിശ്വാസങ്ങൾ

ഈ വിഭാഗത്തിൽപ്പെടുന്നവയെ ശരിയായ കൾട്ടുകൾ എന്നു നിർവ്വചിക്കുവാൻ സാദ്ധ്യമല്ല എങ്കിൽതന്നെയും ക്രൈസ്തവ ഉപദേശങ്ങൾക്കു വിരുദ്ധമായി പഠിപ്പിക്കുന്ന എല്ലാ മതങ്ങളെയും ഉൾപ്പെടുത്താം. ഇതിൽ പ്രധാനപ്പെട്ടവ - ഹിന്ദുയിസം, ജൈനിസം, ബുദ്ധിസം, കൺഫ്യൂഷനിസം, ജോമിസം, ഷിന്റോവിസം, സ്വരഷ്ട്രേനിസം, യുദായിസം, ഇസ്ലാമിസം, സിക്കിസം എന്നിവയാണ്. ഈ വിഭാഗത്തിൽപ്പെട്ടവയ്ക്കെല്ലാം അവരുടേതായ രക്ഷാമാർഗ്ഗങ്ങളും മതഗ്രന്ഥങ്ങളും ദൈവിക പ്രമാണങ്ങളും ഉണ്ട്.

### 3. മതനിരപേക്ഷ വിഭാഗങ്ങൾ

ഈ വിഭാഗത്തിൽ ദൈവം ഇല്ല എന്നു വിശ്വാസമുള്ളവരെയും, മനുഷ്യത്വവാദിക്കാരെയും, വ്യക്തിസത്താവാദിക്കാരെയും ഉൾപ്പെടുത്താം. ഇവയിൽ പ്രധാനം നിരീശ്വരവാദികൾ, അജ്ഞേതാവാദികൾ, മാർക്സിസ്റ്റ് വാദികൾ, മനുഷ്യത്വവാദികൾ, വ്യക്തിസത്താവാദികൾ എന്നിവരാണ്. ദൈവവിശ്വാസികൾ ഈ പ്രപഞ്ചം ദൈവത്തിന്റേയോ അഥവാ ദൈവങ്ങളുടേയോ സൃഷ്ടിയാണ് എന്നു വിശ്വസിക്കുമ്പോൾ ഇക്കൂട്ടർ പ്രപഞ്ചോത്പത്തി ദൈവീകമല്ലാത്ത ഏതോ ഒരു പ്രതിഭാസമായി കണക്കാക്കുന്നു. അത് പരിണാമ സിദ്ധാന്തമോ മറ്റ് എന്തു തന്നെയായിരുന്നാലും അതവർ വിശ്വസിക്കുന്നു. സമത്വ സുന്ദരമായ, ഉച്ചനീചത്വമില്ലാത്ത, സമഭാവനമായ നല്ലൊരു നാളേക്കായി ഇക്കൂട്ടർ അദ്ധ്വാനിക്കുന്നു. എന്നാൽ മനുഷ്യന് സ്വന്ത പരിശ്രമത്താൽ ഈ സുന്ദര സ്വപ്നം സാക്ഷാത്കരിക്കുക അസാദ്ധ്യമാണെന്ന് ദൈവവചനം പഠിപ്പിക്കുന്നു.

### 4. ഗുപ്തവിശ്വാസങ്ങൾ

ഈ ഗണത്തിൽ മന്ത്രവാദം, കൂടോത്ര പ്രയോഗം, മീഡിയാസ്, ആഭിചാരം, ഹസ്തരേഖാ ശാസ്ത്രം, സേവകൾ, ജോത്സ്യം, ജ്വാലവിദ്യകൾ മുതലായവ ഉൾപ്പെട്ടിരിക്കുന്നു. ഇക്കൂട്ടർ നിഗൂഢമായ വസ്തുതകളെയാണ് കൈകാര്യം ചെയ്യുന്നത്. പഞ്ചേന്ദ്രിയങ്ങൾക്കും മാനുഷിക ശക്തികൾക്കും അപ്പുറത്താണ് ഇവരുടെ പ്രവർത്തനമേഖല.

## 2. വിശ്വാസികളും കൾട്ടുകളും

“വിശ്വാസി” എപ്പോഴും പൂർണ്ണമായി ദൈവത്തിൽ മാത്രം ആശ്രയിക്കുന്നവനാണ്. മാത്രമല്ല സോളാ സ്ക്രിപ്ച്ചുറാ (ബൈബിൾ മാത്രം) സോളസ് ക്രിസ്റ്റസ് (ക്രിസ്തുമാത്രം), സോളാ ഗ്രാഷ്യാ (കൃപ മാത്രം), സോളാഫിഡേ (വിശ്വാസം മാത്രം) എന്ന അടിസ്ഥാന പ്രമാണങ്ങളിൽ വിശ്വസിക്കുന്നവനാണ്. എന്നാൽ ഇതിനു പുറമെ മറ്റെന്തെങ്കിലും ഉയർത്തിക്കാട്ടുവാൻ ശ്രമിക്കുന്നവനെ കൾട്ടുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്താതിരിക്കുവാൻ കഴികയില്ല.

ചിലപ്പോൾ ജീവിത വിശുദ്ധിയുടെ കാര്യത്തിൽ ഇക്കൂട്ടർ മാതൃകാ പുരുഷന്മാർ തന്നെയായിരിക്കും. ഒരു വ്യക്തി ധാർമ്മികമായി ഉന്നത നിലവാരം പുലർത്തി എന്നും വരാം. എങ്കിലും യേശുക്രിസ്തുവിനു വിരുദ്ധമായി തന്റെ മുഖം തിരിക്കുന്നു എങ്കിൽ അവൻ ഉത്ഭവിപ്പിക്കുന്ന ഫലം മ്ലേച്ഛമായിരിക്കും. അവൻ ദുരുപദേശകൻ തന്നെ

ഒരുവൻ താൻ ബൈബിളും വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ അവൻ ക്രിസ്ത്യാനി ആകയില്ല. സത്യവിശ്വാസിക്ക് ബൈബിൾ മാത്രമാണ് വഴികാട്ടി. ബൈബിളിന് വെളിയിൽ അവന് ദൈവീക അരുളപ്പാടുകൾ ഇല്ല. അവർ ദൈവവചനം ദൈവനിവേശിതങ്ങളാണ് എന്ന് പൂർണ്ണമായും വിശ്വസിക്കുന്നു. കൾട്ടുകളെയും വിശ്വാസികളെയും തിരിച്ചറിയുന്നതിന് ഇനി പറയുന്ന മാർഗ്ഗം ഫലപ്രദമാണ്.

1. കൾട്ടുകൾ അപ്പോസ്തലന്മാരുടെ ഉപദേശങ്ങളെ ഉപേക്ഷിക്കുകയോ കോട്ടിക്കളയുകയോ ചെയ്യും.
2. യഥാസ്ഥിതിക ക്രിസ്തീയ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചിരിക്കും.
3. ബൈബിൾ ധാരാളമായി ഉദ്ധരിക്കും എങ്കിലും സന്ദർഭോചിതമായി അവർ വിവേചിക്കുന്നില്ല.
4. തങ്ങളുടെ ഉപദേശങ്ങൾ സ്ഥാപിക്കുന്നതിനായി വേദവാക്യങ്ങൾ അടർത്തിയെടുത്ത് തെറ്റായി വ്യാഖ്യാനിക്കും (1 കൊരി. 4:2, 2 പത്രൊ. 3:16).
5. അഞ്ച് അടിസ്ഥാന ഉപദേശങ്ങളാകുന്ന ദൈവീക സത്ഗുണങ്ങളും, ക്രിസ്തുവിന്റെ മനുഷ്യത്വവും, മനുഷ്യന്റെ പ്രകൃതിയും, പാപപരിഹാരത്തിന്റെ ഏകവഴിയും, ദൈവീക അരുളപ്പാടുകളുടെ ഉറവിടവും പൂർണ്ണമായും ബൈബിളാണ് എന്ന വിശ്വാസവും അവർ കോട്ടിക്കളയുന്നു.

## അദ്ധ്യായം: 1

## 1. ദുരുപദേശ സംഘങ്ങൾ അഥവാ കൾട്ടുകൾ

മനുഷ്യരെ തിരുവെഴുത്തിന്റെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുന്നതിന് കാലാകാലങ്ങളായി ബഹുവിധ ഉപദേശങ്ങൾ കടന്നുവരുന്നു. ക്രിസ്തീയ സഭയുടെ ആദ്യനാളുകൾ മുതൽ തന്നെ ദൈവവ്യവസ്ഥകൾ മറികടക്കുന്നതിനുള്ള പ്രവണതകൾ പ്രകടമായിരുന്നു. അറിയൂസിനെപോലെ ക്രിസ്തീയ സഭയിൽ നിന്നുതന്നെ എഴുന്നേറ്റ ദുരുപദേശകർ സഭയ്ക്കു ചെയ്ത ദോഷം ചില്ലറയല്ല. ഓരോ ദുരുപദേശങ്ങൾ സഭയെ ഗ്രസിക്കുവാൻ ആരംഭിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവ് വ്യക്തികളെ ഉത്സാഹിപ്പിച്ച് എഴുന്നേൽപ്പിക്കുകയും, ശത്രുവിനെ തടയുകയും ചെയ്തുകൊണ്ടിരുന്നു. തന്മൂലം വേർപെട്ട ദൈവജനത്തിനു മധ്യേ ദുരുപദേശകർക്കു തങ്ങളുടെ ചുവടുറപ്പിക്കാൻ സാധിച്ചില്ല. കഴിഞ്ഞ കാലങ്ങളിലെ പരാജയ കാരണങ്ങൾ പരിശോധിച്ചു, പുതിയ തന്ത്രങ്ങളുമായി വരുന്ന ദുരുപദേശ സംഘങ്ങൾക്ക് വേർപെട്ട സഭകളിൽ മുൻപുണ്ടായിരുന്നത്ര ചെറുത്തുനിൽപ്പ് അഭിമുഖീകരിക്കേണ്ടതായി വരുന്നില്ല.

ഭക്തിയുടെയും സമർപ്പണത്തിന്റെയും സ്നേഹത്തിന്റെയും മുഖംമൂടി ധരിച്ചു സഭയിലേക്ക് വരുന്ന ഇക്കൂട്ടരുടെ തനിനിറം സാധാരണക്കാരായ വിശ്വാസികൾക്ക് എളുപ്പം മനസ്സിലാകില്ല. വശ്യമായ വാക്കുകളാൽ വിശ്വാസ ഹൃദയങ്ങളെ വശീകരിക്കാനിറങ്ങിത്തിരിച്ചിരിക്കുന്ന ഇക്കൂട്ടർക്ക് നല്ല മേച്ചിൽപ്പുറങ്ങളായി ഇന്നത്തെ വിശ്വാസഭവനങ്ങൾ രൂപപ്പെട്ടിരിക്കുന്നു. വചനപഠനത്തിന്റെയും പ്രാർത്ഥനയുടെയും അഭാവവും ഭൗതിക കാര്യങ്ങളോടുള്ള ആസക്തിയും ഇതിനു പ്രധാന കാരണങ്ങളാണ്. അല്പം വ്യത്യാസമല്ലേയുള്ളു? അവരും യേശുവിലല്ലേ വിശ്വസിക്കുന്നത്? അവർ കുറച്ചുകൂടി ലളിതമായി വചനം പഠിപ്പിക്കുന്നു തുടങ്ങിയ പരാമർശങ്ങളാൽ വേർപാടു വിശ്വാസികൾ ദുരുപദേശ സംഘങ്ങൾക്ക് തങ്ങളുടെ ഭവനങ്ങളിൽ പ്രവേശനം നൽകുന്നു. ഉപദേശം എന്ത് എന്നറിയാത്തവർക്ക് ദുരുപദേശത്തെ തിരിച്ചറിയുക അസാധ്യമാണ്.

ദുരുപദേശകർക്ക് വേണ്ടി വാദിക്കുന്ന വിശ്വാസികൾക്കു പോലും ദുരുപദേശകർ എന്ന പ്രയോഗം ഇഷ്ടമല്ല. അവരുടെ ഉപദേശം മുറുകെ പിടിക്കുമ്പോഴും സത്യവിശ്വാസി എന്നറിയപ്പെടാനാണിഷ്ടം. ഇത്തരമൊരു ദുരവസ്ഥയിലൂടെയാണ് ഇന്നത്തെ വേർപാടു സഭകൾ കടന്നുപോകുന്നത്. എന്താണിതിനു പ്രതിവിധി? വചനം എന്ന ഇരുവായ്ത്തല വാളെടുത്തു മുഖം നോക്കാതെ പൊരുതുക. ആത്മാവിന്റെ വാളാകുന്ന വചനം എടുത്തു പൊരുതണമെങ്കിൽ രണ്ടു നിലകളിലുള്ള പരിശീലനങ്ങൾ ആവശ്യമാണ്. ഒന്നാമതായി, വാളിനെക്കുറിച്ചും അതുപയോഗിക്കേണ്ട വിധത്തെക്കുറിച്ചുമുള്ള അറിവ്. വാളിനെക്കുറിച്ച് ശരിയായ നിലയിൽ അറിയണമെങ്കിൽ അത് ഉപയോഗിച്ച് പരിശീലിക്കണം. രണ്ടാമതായി, ശത്രുവിനെക്കുറിച്ചും അവന്റെ തന്ത്രങ്ങളെക്കുറിച്ചുമുള്ള അറിവ്.

അറിവ് സമ്പാദനത്തിന്റെ ആദ്യപടി പ്രധാന തിരുവചന ഉപദേശങ്ങൾ ഹൃദിസ്ഥമാക്കുകയാണ്. അതല്ല ഈ പുസ്തകത്തിന്റെ ഉദ്ദേശം. കൾട്ടുകളെക്കുറിച്ചും അവയുടെ പ്രവർത്തനരീതിയെക്കുറിച്ചും അറിവു നേടുകയാണ് അടുത്തപടി. ഈ വിഷയത്തിൽ ചില അറിവുകൾ വായന ക്കാരുമായി പങ്കുവെയ്ക്കുവാനാണ് ഞങ്ങൾ ഈ വരികൾ കുറിക്കുന്നത്.

### 1. ദുരുപദേശം എന്ത്?

തിരുവചനത്തിനു വിരോധമായി ഉയർന്നുവരുന്ന ചെറുതും വലുതുമായ പഠിപ്പിക്കലുകളെ ദുരുപദേശം എന്നു വിളിക്കാം. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ ആക്രമിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്ന സംഘങ്ങളെയോ പ്രസ്ഥാനങ്ങളെയോ ദുരുപദേശങ്ങൾ അഥവാ കൾട്ടുകൾ എന്നു വിളിക്കാം. കൾട്ടുകൾ സുവിശേഷ വിഹിത വിശ്വാസി

കളെ എതിരിടുന്നതിന്റെ പിന്നിലെ ഉദ്ദേശം ഉപദേശത്തിലെ പിശകുകൾ ചൂണ്ടിക്കാണിക്കുകയോ, ഏതെങ്കിലും കുറവുകൾ പരിഹരിക്കുകയോ അല്ല; ക്രിസ്തീയ സഭ മുറുകെ പിടിക്കുന്ന അടിസ്ഥാന വിശ്വാസ പ്രമാണങ്ങളെ തകർക്കുകയാണ് ഈ ആക്രമണങ്ങളുടെ ആത്യന്തിക ലക്ഷ്യമെന്നതു അടിസ്ഥാന വേദപുസ്തക വിശ്വാസ പ്രമാണങ്ങളെ വിശ്വാസ ഹൃദയങ്ങളിൽ നിന്നും എടുത്തുമാറ്റി തൽസ്ഥാനത്തു തങ്ങളുടെ വ്യാജ ഉപദേശങ്ങൾ പ്രതിഷ്ഠിക്കുകയാണ്.

പ്രതാപവും പണവും ആർജ്ജിക്കുന്നതിനുള്ള ഒരുപാധിയായി വചന വിരുദ്ധ ഉപദേശങ്ങളെ കണ്ടു മുന്നേറുന്ന ആളുകളുടെയും സംഘങ്ങളുടെയും എണ്ണം ഇന്നു വർദ്ധിച്ചു വരികയാണ്. ക്രിസ്തീയ സഭയിൽ മാത്രമല്ല ഇതര മത വിഭാഗങ്ങളിൽ യഥാസ്ഥിതിക വിശ്വാസ പ്രമാണങ്ങളെ തൃണവൽഗണിച്ചു മുമ്പോട്ടു പോകുന്ന കൾട്ടു ഗ്രൂപ്പുകളെ കാണാവുന്നതാണ്.

ക്രിസ്തീയ ദുരുപദേശ സംഘങ്ങളുടെ പ്രവർത്തന രീതി രണ്ടു നിലകളിലാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. വേദപുസ്തക അടിസ്ഥാന വിശ്വാസ പ്രമാണങ്ങളോടുള്ള വെറുപ്പ് അല്ലെങ്കിൽ മറുതലിപ്പ്. ഈ ചിന്താഗതി വളർന്നു വരുമ്പോൾ ദൈവവചനത്തെ ഏതുവിധേനയും കോട്ടിക്കളയണം എന്ന ലക്ഷ്യത്തിലെത്തുന്നു. ആകയാൽ സാഫല്യ ക്രിസ്തീയ ജീവിതം നയിക്കുന്നതിന് ശ്രദ്ധയും സൂക്ഷ്മതയും വിവേചനാ ബുദ്ധിയും അനിവാര്യമാണ്.

## 2. കൾട്ടുകളെ സൂക്ഷിക്കുക

ദുരുപദേശകർ തങ്ങളുടെ വേരുകൾ സുവിശേഷ വിഹിത സഭകളിൽ ആഴത്തിലൂന്നുമ്പോഴും അവരെക്കുറിച്ച് പഠിക്കേണ്ടത് ഒരാവശ്യമായി പലരും കാണുന്നില്ല. പ്രശസ്തരും ആദരിക്കപ്പെടുന്നവരുമായ വ്യക്തികൾ ദുരുപദേശം പഠിപ്പിച്ചാൽ അവരെ ദുരുപദേശകരെന്നു പറയുന്നതു പലരിലും മാനസിക പിരിമുറുക്കമുണ്ടാക്കുന്നു. അത്ര അഗാധമായ സ്വാധീനമാണ് ദുരുപദേശകർ തങ്ങളുടെ ശ്രോതാക്കളിൽ ചെലുത്തുന്നത്. തങ്ങൾ കെണിയിലകപ്പെടുകയാണെന്നു തിരിച്ചറിയും മുമ്പുതന്നെ അവർ ദുരുപദേശകന്റെ കെണിയിൽ അകപ്പെട്ടു പോകും.

വെളിച്ച ദൂതന്റെ വേഷത്തിൽ, വശ്യമായ നിലയിൽ ദുരുപദേശകൻ വിശ്വാസികളെ സമീപിക്കുമ്പോൾ അവർ സർവ്വാത്മനാ അംഗീകരിക്കുന്നു. ആരെങ്കിലും അതേക്കുറിച്ച് ചോദിച്ചാൽ, അല്പ സ്വല്പം വ്യത്യാസങ്ങളല്ലേ ഉള്ളു, അതു സാരമില്ല എന്നാണ് പ്രതിവചിക്കുക. വേറെ ചിലർ അതു ദുരുപദേശമാണെന്നോ ദോഷഹേതുവാണെന്നോ അറിയാതിരിക്കുന്നു. ഈ രണ്ടു സ്ഥിതിവിശേഷവും ദൈവസഭയ്ക്ക് ദോഷമാണ്.

ഇന്നത്തെ വേർപാടുകാരായ പിതാക്കന്മാർ പലരും തങ്ങളുടെ മക്കൾ ദുരുപദേശങ്ങളായ തീയോടു കളിക്കുന്നതു കണ്ടു രസിക്കുന്നവരാണ്. പുസ്തകങ്ങളിലൂടെയും ആനുകാലികങ്ങളിലൂടെയും സുഹൃത് ബന്ധങ്ങളിലൂടെയും ഹോസ്റ്റലിലെ സഹവാസികളിലൂടെയും ടി.വി. പ്രോഗ്രാമിലൂടെയും ദുരുപദേശകരുമായി ആഴമേറിയ ബന്ധം ഇന്നത്തെ യുവതലമുറയ്ക്കുണ്ടാകുന്നു. ഉപദേശപരമായി വ്യതിചലിക്കപ്പെട്ട വ്യക്തികളുമായുള്ള കൂട്ടുകെട്ട് ദോഷകരമായി മക്കളെ ബാധിക്കുമെന്നു പറഞ്ഞപ്പോൾ ശുഭാപ്തി വിശ്വാസികളും പാരമ്പര്യമുള്ളവരുമായ മാതാപിതാക്കൾ ഒരു പുഞ്ചിരിയോടെ ഞങ്ങളുടെ വാക്കുകളെ അവഗണിക്കുന്ന അനുഭവമാണ് അവരിൽ തെളിഞ്ഞു വരുന്നത്. പ്രതിവിധിയൊന്നും ചെയ്യാനാവാത്ത വിധം മക്കൾ ദുരുപദേശകരുടെ കെണിയിൽ അകപ്പെട്ടു കഴിഞ്ഞു മാത്രമേ ഈ മാതാപിതാക്കളുടെ കണ്ണുകൾ തുറക്കപ്പെടുകയുള്ളു. അൽപം വ്യത്യാസമല്ലേയുള്ളു. അതാർക്കും സംഭവിക്കാവുന്ന കാര്യമല്ലേ എന്നു പറഞ്ഞു ദുരുപദേശകർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കു മക്കളെ അയയ്ക്കുന്ന മാതാപിതാക്കൾക്ക്, മക്കൾ പഠനം കഴിഞ്ഞു വരുമ്പോൾ തിരികെ ലഭിക്കുന്നതു തങ്ങൾ മുറുകെ പിടിക്കുന്ന ഉപദേശങ്ങൾ തെറ്റെന്നു സമർത്ഥിക്കുകയും ഇനി

ഞാൻ നിങ്ങളോടു കൂടെയില്ലെന്നു പറയുന്ന മക്കളെയാണ്. അതെ! അൽപം ഉദാസീനത തലമുറകളെ നഷ്ടമാക്കുന്നു. ജീവിതാന്ത്യം വരെ നിലനിൽക്കുന്ന കണ്ണുനീരിന്റെ അനുഭവമാണ് ഈ മാതാപിതാക്കൾക്കുണ്ടാവുക.

ദുരുപദേശകന്റെ സ്വാധീനത്തിൻ കീഴിലകപ്പെട്ട ഒരുവനെ തിരിച്ചു കിട്ടുക അസാദ്ധ്യമാണ്. ഇവിടെ പ്രതിരോധമാണ് ചികിത്സയേക്കാൾ ഉത്തമം. പ്രതിരോധ മാർഗ്ഗങ്ങൾ ആരായുന്നതിനു മുമ്പുതന്നെ കൾട്ടുകളെക്കുറിച്ചു വ്യക്തമായ ഒരു ഗ്രാഹ്യം നമുക്കാവശ്യമുണ്ട്. കൾട്ടുകളെക്കുറിച്ച് വ്യക്തമായ അറിവ് നമുക്കുണ്ടാകുമ്പോൾ സ്വാഭാവികമായും അതിനെ ചെറുക്കുന്നതിനുള്ള ആഗ്രഹം നമ്മിലുണ്ടാകും.

## II. ദുരുപദേശ സംഘങ്ങളുടെ വളർച്ചയെക്കുറിച്ചു നാം ജാഗ്രത പുലർത്തണമെന്നതിനുള്ള ചില കാരണങ്ങൾ

### 1. യഥാസ്ഥാനപ്പെടുത്തുന്നതിലെ സങ്കീർണ്ണത:

മുമ്പു പരാമർശിച്ചതുപോലെ, പല മാതാപിതാക്കളും ചിന്തിക്കുന്നതു തങ്ങളുടെ മക്കൾ ഒരിക്കലും ദുരുപദേശകരുടെ കെണിയിൽ വീഴില്ലെന്നാണ്. അല്ലെങ്കിൽ തങ്ങളുടെ മക്കൾ ദുരുപദേശകരാൽ സ്വാധീനിക്കപ്പെട്ടാൽ തന്നെ ചില നിമിഷങ്ങൾക്കകം അവരെ തിരുത്തുവാൻ തങ്ങൾക്കു സാധിക്കുമെന്ന അമിത വിശ്വാസം ചില മാതാപിതാക്കൾക്കുണ്ട്.

ഇവരെപ്പോലെ ദുരുപദേശകരെ ലാഘവ ബുദ്ധിയോടെ കണ്ട ആയിരക്കണക്കിനു മാതാപിതാക്കന്മാർ ലോകമെമ്പാടും ഉണ്ടെന്നും അവർക്കെല്ലാം തങ്ങളുടെ മക്കളെ നഷ്ടപ്പെട്ടുവെന്നുമുള്ള യാഥാർത്ഥ്യം ഇവർക്കറിയില്ല. തങ്ങളുടെ മക്കളെ തിരികെ കൊണ്ടുവരുവാനായി വർഷങ്ങളോളം ചെയ്ത പ്രയത്നങ്ങൾ വൃഥാവിലായിപ്പോയെന്ന കാര്യം വളരെ വൈകിയാണ് ആ മാതാപിതാക്കൾക്കു മനസ്സിലായത്. ദുരുപദേശകർ ഉപയോഗിക്കുന്ന മനോവശീകരണ തന്ത്രത്തിന്റെ ശക്തി അവർ ചിന്തിച്ചതിലും വളരെ ഉന്നതമായിരുന്നു.ദുരുപദേശകരുടെ ഏതെങ്കിലും തത്വത്തോടുള്ള ഇഷ്ടമോ താല്പര്യമോ ഒരു വ്യക്തിയെ ദുരുപദേശസംഘത്തിലേക്ക് ആകർഷിച്ചാൽ അദ്ദേഹത്തെ തിരികെ കൊണ്ടുവരാൻ വലിയ പ്രയാസമില്ല. എന്നാൽ ദുരുപദേശകർ വളരെ വശ്യമായ നിലയിൽ ഇരകളെ തങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുന്നു. അതിൽനിന്നും മോചനം പ്രാപിക്കുക അസാധ്യമാണ്. മാനുഷികമായ ഒരു മാർഗ്ഗവും ഈ അടിമത്വത്തിൽനിന്നും മോചനം നൽകില്ല. ദൈവം നേരിട്ട് ഇടപെട്ടാൽ മാത്രമേ അതു സാധ്യമാകൂ. സ്വമനസ്സാൽ വചന വിരുദ്ധ കാര്യങ്ങളിൽ ഇടപെടുന്ന ഒരു വിശ്വാസിയോട് ദൈവം ആ നിലയിൽ പ്രത്യേകമായി ഇടപെടും എന്നു ചിന്തിക്കുന്നതും അസ്ഥാനത്താണ്. എബ്രായർ 6:4-6 വരെ വാക്യങ്ങൾ വായിച്ചാൽ ഇക്കാര്യം ബോധ്യമാകും. എങ്കിലും, വളരെ വിരളമായി ദൈവം ചിലരുടെ ജീവിതത്തിൽ ഇടപെടാറുണ്ട്.

തന്റെ തിരഞ്ഞെടുപ്പിന് ഉത്തരവാദി മനുഷ്യൻ തന്നെയാണെന്നു ബൈബിൾ വ്യക്തമാക്കുന്നു. വിശ്വാസജീവിതത്തിനു മതിയായ സകല മാർഗ്ഗ നിർദ്ദേശങ്ങളും ദൈവം തന്റെ വചനത്തിലൂടെ നമുക്കു നൽകിയിട്ടുണ്ട്. നാം ഓരോ പ്രാവശ്യവും തെറ്റായ തീരുമാനങ്ങൾ എടുക്കുമ്പോൾ 'അരുത്' എന്നു ദൈവം പറയുകയില്ല. അത്തരം സന്ദർഭങ്ങളിൽ താൻ ഇടപെടുകയുമില്ല. തെറ്റായ നിലയിൽ തീരുമാനങ്ങൾ എടുക്കുന്നതിന് മൗനാനുവാദം നൽകുന്ന മാതാപിതാക്കൾ മരണം വരെയും തങ്ങളുടെ മക്കൾക്കു ഭവിച്ച വിപത്തിനെ ഓർത്തു ദുഃഖിക്കേണ്ടിവരും.

ഭൂരിഭാഗം കൾട്ടുകളും മനോവശീകരണ തന്ത്രങ്ങളാലാണ് ഇരകളെ കീഴ്പ്പെടുത്തുന്നത്. ഒരിക്കൽ അവരുടെ വലയത്തിൽ അകപ്പെട്ടാൽ അവിടെനിന്നും രക്ഷപ്പെടാമെന്നു ചിന്തിക്കു

ന്നതു ശുദ്ധ അബദ്ധമാണ്. നമ്മുടെ ആളുകൾ അവരുടെ കെണിയിൽ വീഴാതെ സൂക്ഷിക്കുകയാണ് ഏക പോംവഴി. രോഗത്തിനു ചികിത്സിക്കുന്നതിന് പകരം രോഗം വരാതെ സൂക്ഷിക്കുകയാണ് ഉത്തമം എന്ന പ്രയോഗം ഇവിടെ അർത്ഥവത്താകുന്നു.

**2. കുടുംബ ബന്ധങ്ങൾ വേർപെടുത്തൽ:**

ഒരു വ്യക്തിയുടെ ജീവിതത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തിനു പരമപ്രധാനമായ ഒരു സ്ഥാനമുണ്ട്. ആ നിലയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയത്. എന്നാൽ ഒരുവൻ കൾട്ടിന്റെ പിടിയിലമർന്നു കഴിയുമ്പോൾ ആ മനോഭാവം മാറുന്നു. സ്മിത്തിസം, ചിൽഡ്രൻ ഓഫ് ഗോഡ് തുടങ്ങിയ കൾട്ട് ഗ്രൂപ്പുകൾ അംഗങ്ങളോടു കുടുംബബന്ധങ്ങളുപേക്ഷിക്കണമെന്ന് കർശനമായി അനുശാസിക്കുന്നു.

വാസ്തവത്തിൽ കൾട്ടുകൾ രാപകൽ തങ്ങളുടെ ഇരകളെ കുടുംബത്തിൽ നിന്നകറ്റാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. കുടുംബക്കാർ ഇടപെട്ടാൽ തങ്ങൾ ഇരകളുടെമേൽ മുറുക്കിയിരിക്കുന്ന പിടുത്തം അയഞ്ഞുപോകുമെന്നതിനാൽ അവർ വീട്ടുകാരിൽ നിന്നും അകന്നു നിൽക്കുന്നതിനുള്ള സാഹചര്യം മനഃപൂർവ്വം ഒരുക്കുന്നു. അതിനായി അവർ പല തന്ത്രങ്ങൾ ഉപയോഗിക്കുന്നു. കൾട്ടുകളുടെ ഉപദേശത്തിന് കീഴ്പ്പെടാത്ത കുടുംബങ്ങളെ അധഃപതിച്ചത്, തരംതാണത്, ദൈവകൃപയിൽ നിന്നകന്നത്, പിശാചിന്റെ അനുഗാമികൾ തുടങ്ങിയ പദപ്രയോഗങ്ങളാൽ സംബോധന ചെയ്യുകയെന്നതാണ് ഒരു തന്ത്രം. അപ്രകാരം കുടുംബവുമായി അടുത്തിടപഴകുന്നത് രക്ഷയെ ബാധിക്കുമെന്നും ആത്മീക മരണത്തിനിടയാക്കുമെന്നും അവർ പഠിപ്പിക്കുന്നു.

സ്നേഹകൂട്ടായ്മയിൽ ജീവിക്കുന്നതിനാണ് ദൈവം കുടുംബജീവിതം സംവിധാനം ചെയ്തത്. സ്ഥായിയായ ജീവിത സാഫല്യത്തിനുവേണ്ടി കുടുംബബന്ധങ്ങൾ സൂക്ഷിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്. ഈ വേദപുസ്തകാധാര ബന്ധത്തെ പരിത്യജിക്കുവാൻ തങ്ങളുടെ ഇരകളെ കൾട്ടുകൾ നിർബന്ധിക്കുന്നുവെന്നു മാത്രമല്ല, അവരുടെ കടുംബാംഗങ്ങളെയും അതിനുവേണ്ടി പ്രേരിപ്പിക്കുന്നു.

കൾട്ടുകൾ കുടുംബബന്ധങ്ങളുടെ സുരക്ഷിതത്വത്തിന് ഒരു ഭീഷണി ആകുന്നതുകൊണ്ട്, അവരെക്കുറിച്ചും അവരുടെ പ്രവർത്തന രീതികളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടതത്യാവശ്യമാണ്.

**3. ആടുകളെ മോഷ്ടിക്കൽ:**

വേദപുസ്തക വിശ്വാസികളുമായി കൂട്ടായ്മ ബന്ധം പുലർത്തുവാൻ ഓരോ ക്രിസ്ത്യാനിയും ബാധ്യസ്ഥനാണ്. കൂട്ടായ്മയുടെ ഭാഗമെന്ന നിലയിൽ മറ്റുള്ളവരുടെ ക്ഷേമം അന്വേഷിക്കേണ്ടത് ഓരോ ക്രിസ്ത്യാനിയുടെയും കടമയാണ്. അവരഭിമുഖീകരക്കുന്ന പ്രശ്നത്തെക്കുറിച്ചും അറിയുവാനാവശ്യമുണ്ട്.

വേദപുസ്തകാനുസരണം ജീവിക്കുന്ന സുവിശേഷ വിഹിത സഭകളിൽ നിന്നും ആടുകളെ മോഷ്ടിക്കുന്നതിന് കൾട്ടുകൾക്ക് യാതൊരു ശങ്കയുമില്ല. പഴക്കം ചെന്നതും പാരമ്പര്യം മുറുകെ പിടിക്കുന്നതുമായ സഭകളെയാണ് മിക്ക കൾട്ടുകളും തങ്ങളുടെ ഉഴുനിലമായി കാണുന്നത്. ഈ സഭകളിൽ പുതിയ വിശ്വാസികൾ വരാറുണ്ടെങ്കിലും അവർക്ക് ആവശ്യമായ ആത്മീക പോഷണം നൽകുവാൻ ഈ സഭകൾക്ക് കഴിയാറില്ല. ഈ പുതുവിശ്വാസികൾ ഒരുവശത്തു സ്നേഹവും കരുതലും ആഗ്രഹിക്കുമ്പോൾ മറുവശത്ത് ഉപദേശപരമായി അജ്ഞരായുമിരിക്കുന്നു. ഇതു മനസ്സിലാക്കി, സ്നേഹഭാവത്തോടെ സമീപിക്കുന്ന കൾട്ടുകളിലേക്ക് അവർ എളുപ്പം ആകൃഷ്ടരാകുന്നു. തങ്ങൾ അകപ്പെട്ടുപോയ പുതിയ സംഘത്തിൽ ഉപദേശപരമായും പ്രായോഗിക ജീവിതപരമായും ചില താളപ്പിഴകൾ അവർ മനസ്സിലാക്കി വരുമ്പോഴേക്കും വിട്ടുപോരാനാവാത്തവിധം വൈകിപ്പോയിരിക്കും. ഇവർക്ക് അടിസ്ഥാന ഉപദേശ വിഷയങ്ങളിൽ വേണ്ടത്ര അഭ്യസനം ലഭിക്കാത്തതുകൊണ്ട്, സന്തോഷത്തോടെ കൾട്ടു

കളോട് ചേർന്നുപോകുവാൻ ഇഷ്ടപ്പെടുകയും ചെയ്യും.

സുവിശേഷ വിഹിത സഭകളിൽ ആത്മീകമാന്ദ്യം വർദ്ധിച്ചുവരുന്നതുകൊണ്ട് കൾട്ടുകൾക്ക് തങ്ങളുടെ വലയിൽ ആളുകളെ കുരുക്കാൻ എളുപ്പമാണ്. ഒരിക്കൽ അകപ്പെട്ടു കഴിഞ്ഞാൽ അതിൽനിന്നും മോചിപ്പിക്കുക ദുഷ്കരമാണ്. തങ്ങളുടെ കൂടി വരവുകളിൽ നിന്നും ആളുകൾ നഷ്ടപ്പെടുന്നതുകൊണ്ട് സുവിശേഷ വിഹിത വിശ്വാസികൾ കൾട്ടുകളെക്കുറിച്ചു ജാഗ്രത പുലർത്തണം.

### 4. യുവജനങ്ങൾ സ്വാധീനിക്കപ്പെടുന്നു:

ഒന്നു രണ്ടു തലമുറകൾ മുമ്പുവരെ ആളുകൾ തങ്ങളുടെ ഗണത്തിൽപ്പെട്ടവരുമായി മാത്രമേ ഇടപഴകിയിരുന്നുള്ളു. പല പരിമിതികളും ദോഷങ്ങളും ഉണ്ടായിരുന്നുവെങ്കിലും ഇതര വിഭാഗങ്ങളിലെ ദുഷിപ്പുകൾ കടന്നുവരാതെ സൂക്ഷിക്കാൻ അതു മുഖാന്തരമായി. ക്രിസ്തീയ യുവജനങ്ങളും ഇക്കാലത്തെ അപേക്ഷിച്ച് അക്കാലത്ത് സുരക്ഷിതരായിരുന്നു.

വിദ്യാഭ്യാസ രംഗത്തും സാമൂഹിക രംഗത്തും കാലാകാലങ്ങളായുണ്ടായ മാറ്റം ഈ അതിർവരമ്പുകളെ തകർത്തു. മാസ് മീഡിയയും ഈ അതിർവരമ്പുകളുടെ തകർച്ചയ്ക്കും, വ്യത്യസ്ത കാഴ്ചപ്പാടുകാരുടെ ഇടകലരലിനും വഴിതെളിയിച്ചു. സാമൂഹിക ബന്ധങ്ങൾ സുഗമമായപ്പോൾ എല്ലാത്തരക്കാരുമായുമുള്ള ബന്ധം എല്ലാവർക്കും സാധ്യമായി. വ്യതിചലിപ്പിക്കപ്പെട്ട ധാർമ്മികവും ആത്മീകവുമായ കാഴ്ചപ്പാടുകളുള്ളവർക്കു തങ്ങളുടെ ആശയങ്ങൾ വ്യാപിപ്പിക്കുവാൻ ഈ സാഹചര്യം പ്രയോജനകരമാകുന്നു.

മുൻകാലങ്ങളിൽ ഇവരെ തഴഞ്ഞുനിന്ന സമൂഹങ്ങളിൽ നുഴഞ്ഞു കയറുവാൻ ഇന്നത്തെ ഓപ്പൺ മാർക്കറ്റ് സിസ്റ്റം ഇവർക്ക് ഉപകാരിയായിരിക്കുന്നു. ഇന്ന് ആരുംതന്നെ തങ്ങളുടെ ഭവനത്തിൽ പോലും ആത്മീയ സുരക്ഷിതരാണെന്ന് പറയാൻ സാധ്യമല്ല. അല്പം അശ്രദ്ധ സകലതും തകിടം മറിക്കും. ദുരുപദേശകരെന്ന് അറിയപ്പെടുന്നവർക്ക് യഥാസ്ഥിതിക വിശ്വാസഭവനങ്ങളിലേക്ക് സൗഹൃദത്തിന്റെ പ്രവേശനം ഉണ്ട്. അതും പോരാഞ്ഞിട്ട് ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ ഈ ദുഷ്ടശക്തികൾ വെളിച്ച ദൂതന്റെ വേഷത്തിൽ വിശ്വാസ ഭവനങ്ങൾക്കുള്ളിൽ കടന്നുവരുന്നു. വശ്യമായ വാചകങ്ങളാൽ അവ സ്ത്രീ ഹൃദയങ്ങളെയും യുവഹൃദയങ്ങളെയും യാഥാസ്ഥിതിക വിശ്വാസദർശനത്തിൽ നിന്നും വഴിതെറ്റിക്കുന്നു.

ഇന്നത്തെ തുറന്ന സാമൂഹിക സമീപനം സുവിശേഷത്തിന് ഉപകരിക്കുന്നുവെന്നത് ശരിയാണ്. എന്നാൽ ദുരുപദേശങ്ങളാൽ വിശ്വാസികളെ വഴിതെറ്റിക്കാൻ സാത്താൻ ഈ സാഹചര്യം സമർത്ഥമായി പ്രയോജനപ്പെടുത്തുന്നു. കൾട്ടുകൾ യുവജനങ്ങളെ വഴിതെറ്റിക്കുന്നതിനാൽ സത്യവിശ്വാസികൾ ജാഗ്രതയുള്ളവരായിരിക്കണം.

### 6. പോരാട്ട മനോഭാവം നഷ്ടപ്പെടുന്നു:

ഒരുകാലത്ത് റോമൻ പോപ്പുമാർ ക്രിസ്തീയ സമൂഹത്തെ അടക്കി വാണിരുന്നു. അവരുടെ ഉരുക്കുമുഷ്ടിയിൻ കീഴിൽ നിന്നും സ്വതന്ത്രമാകുക എളുപ്പമല്ലായിരുന്നു. പുതിയ നിയമ ഉപദേശ സത്യങ്ങൾ പ്രചരിപ്പിക്കുന്നതിനു മാർട്ടിൻ ലൂഥർക്കും തന്റെ ബന്ധുക്കൾക്കും അസാമാന്യ ധൈര്യം വേണ്ടിവന്നുവെന്നു മാത്രമല്ല, അതു പിന്തുടരുവാൻ അനേകായിരങ്ങൾക്കു തങ്ങളുടെ ജീവൻ തന്നെ നഷ്ടപ്പെടുത്തേണ്ടിയും വന്നു.

പേപ്പൽ ഭരണത്തിനോടും ഉപദേശത്തോടും മത്സരിച്ചതു നിമിത്തം വിശ്വാസികൾക്കു പുരോഹിതന്മാരിൽ നിന്നും സന്യാസികളിൽ നിന്നും അവരുടെ ശിങ്കിടികളിൽ നിന്നും കഠിനമായ ശിക്ഷകളും പീഡനങ്ങളും അനുഭവിക്കേണ്ടിവന്നു. ദൈവിക സത്യത്തിനുവേണ്ടി പോരാടേണ്ടത് ഒരാവശ്യമായിത്തന്നെ അവർ കണ്ടു. തിരുവചന സത്യങ്ങൾ സംരക്ഷിക്കു ന്നതിനും പ്രഖ്യാപിക്കുന്നതിനും എന്തു വില നൽകിയാലും അതു ദൈവത്തിനു വേണ്ടി ചെയ്യാവുന്ന ഏറ്റവും ചെറിയ കാര്യമായി അവർ കണ്ടു. ചെറിയ തീക്കുണ്ഠത്തിൽ മണിക്കൂറുകളോളം

സമയമെടുത്തു പ്രൊട്ടസ്റ്റന്റ് വിശ്വാസികളെ ജീവനോടെ ചുട്ടെടുക്കുന്നതു കണ്ടിട്ടും അവർ വിശ്വാസം തള്ളിക്കളയാതിരുന്നതു തിരുവചന സത്യങ്ങളെക്കുറിച്ചുള്ള ബോദ്ധ്യവും അതു മുറുകെ പിടിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയതുകൊണ്ടുമാണ്. എന്നാൽ ഈ മനോഭാവം ഇന്ന് അന്യമായിരിക്കുകയാണ്.

സ്വാതന്ത്ര്യം എന്നേക്കും കാത്തു സൂക്ഷിക്കുന്നതിന് കൊടുക്കേണ്ട വിലയാണ് ജാഗ്രത. സത്യം പ്രഖ്യാപിക്കുന്നതിലൂടെ മാത്രമാണ് സ്വാതന്ത്ര്യം കൈവരുന്നത്. പോരാട്ട മനോഭാവം അന്യമാകുന്നതു നിമിത്തം നാമമാത്രം ആളുകൾ മാത്രമാണ് സത്യത്തിനുവേണ്ടി നിലകൊള്ളുവാൻ തയ്യാറാകുന്നതും. ഇതു ശത്രുക്കൾക്കു തങ്ങളുടെ വചനവിരുദ്ധ ഉപദേശങ്ങൾ സുവിശേഷ വിഹിത സഭകളിൽ വിതയ്ക്കുന്നതിനുള്ള സുവർണ്ണാവസരമായി തീരുന്നു. കാരണം ആരും ചെറുത്തു നിൽക്കില്ല എന്നവർക്കു നന്നായി അറിയാം.

സഭയിൽ പോരാട്ട വീര്യത്തോടും വീറോടും കൂടെ നിൽക്കുന്ന പടയാളികൾക്കു മാത്രമേ ഇവരെ ചെറുത്തു നിൽക്കാനും, വിശ്വാസികൾ അടിമത്വത്തിലേക്കു പോകാതെ സംരക്ഷിക്കുവാനും സാധിക്കുകയുള്ളു. സുവിശേഷ വിഹിത സഭകളിൽനിന്നും കൾട്ടു ഗ്രൂപ്പുകളിലേക്ക് വിശ്വാസികൾ ചേക്കേറുന്നതു സഭയുടെ പോരാട്ട വീര്യം നഷ്ടപ്പെട്ടുവെന്നതിന്റെ പ്രകടമായ തെളിവാണ്. പോരാട്ടവീര്യം വിശ്വാസികൾക്കു കുറഞ്ഞുവരുന്നതിനാൽ ദുരുപദേശങ്ങളോടുള്ള ബന്ധത്തിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്.

## 7. സാർവ്വത്രികതയുടെ ഉയർത്തെഴുന്നേൽപ്പ്:

തിരിച്ചറിവില്ലായ്മയും പോരാട്ട മനോഭാവമില്ലായ്മയും നിമിത്തം നമ്മുടെ കുടുംബ ജീവിതത്തിലേക്കും ആത്മീക ജീവിതത്തിലേക്കും സകലർക്കും പ്രവേശനം അനുവദിക്കുന്നതായ യൂണിവേഴ്സാലിസത്തിന്റെയും ഇൻക്ലൂസിവിസത്തിന്റേതുമായ ഉപദേശങ്ങൾ കടന്നുവരുന്നു.

വേദപുസ്തക പ്രകാരം, രക്ഷ യേശുവിങ്കലെ വിശ്വാസത്താൽ മാത്രമാണ് സാദ്ധ്യമാകുന്നത്. രക്ഷയ്ക്ക് മറ്റൊരു മാർഗ്ഗവുമില്ല. ഇൻക്ലൂസിവിസത്തിന്റെ വക്താക്കൾ പറയുന്നതു സകല ജാതികളും അവരുടേതായ ഈശ്വര സങ്കൽപങ്ങളിലൂടെ ക്രിസ്തുവിനെ തന്നെയാണ് ആരാധിക്കുന്നത് എന്നത്രേ. ആ നിലയിൽ രക്ഷ എല്ലാ മതവിശ്വാസങ്ങളിലും ലഭ്യമാണ്; കാരണം, വ്യത്യസ്ത രൂപങ്ങളും നാമങ്ങളുമാണുപയോഗിക്കുന്നതെങ്കിലും അവരും ക്രിസ്തുവിനെ തന്നെയാണ് ആരാധിക്കുന്നത്.

യൂണിവേഴ്സാലിസ്റ്റുകൾ അഥവാ സാർവ്വലൗകിക വാദികൾ അവകാശപ്പെടുന്നതു യേശുക്രിസ്തു മാത്രമല്ല രക്ഷകൻ എന്നത്രേ. സകല മനുഷ്യർക്കും അവരുടെ മത വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ രക്ഷ ലഭ്യമാണ് എന്നത്രേ. ആ നിലയിൽ ക്രിസ്തീയ വിശ്വാസത്തിനു മറ്റു മതവിശ്വാസങ്ങളിൽ നിന്നും യാതൊരു വ്യത്യാസവുമില്ലെന്നു പറയുന്നു.

കഴിഞ്ഞ മൂന്നു നാലു പതിറ്റാണ്ടുകളായി ഇൻക്ലൂസിവിസവും യൂണിവേഴ്സാലിസവും സുവിശേഷ വിഹിത സഭകളെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. റാഡിക്കൽ ബൈബിൾ സെമിനാരികളും, തിയോളജിക്കൽ ജേർണലുകളും, റാഡിക്കൽ തിയോളജിയന്മാർ എഴുതിയ പുസ്തകങ്ങളും ഈ പ്രതിഭാസത്തിന് ഊർജ്ജം പകരുന്നു. ഈ ദുരുപദേശപരമായ ദൈവശാസ്ത്ര വിത്തുകൽ പാകിയത് ജെർമ്മൻ കൂലിപ്പട്ടാളമാണ്. എന്നാൽ അവരുടെ പിൻഗാമികളെ ഇന്നു മിക്കവാറും എല്ലാ സുവിശേഷ വിഹിത സംഘങ്ങളിലും കാണാവുന്നതാണ്.

എല്ലാ മതങ്ങളും സത്യദൈവത്തിങ്കലേക്കു നയിക്കുന്നുവെന്ന ഇവരുടെ ഉപദേശം വേർപാട് എന്ന മതിലിനെ ഇടിച്ചു കളയുന്നു. ഇവിടെ വേദപുസ്തക ഉപദേശത്തിനുവേണ്ടി നിലകൊള്ളുന്നതിനു പകരം, മനുഷ്യന്റെ ജഡാഭിലാഷങ്ങളെ പരിപോഷിപ്പിക്കുന്ന കൾട്ടു സംഘങ്ങളെ താലോലിച്ചു പോകുവാൻ വിശ്വാസികൾ തയ്യാറാകുന്നു. ഇൻക്ലൂസിവിസവും യൂണിവേഴ്സാലിസവും സുവിശേഷ വിഹിത സഭകളിൽ വർദ്ധിച്ചുവരുന്നതിനാൽ കൾട്ടുകളുടെ സ്വാധീനവും ഏറിവരും. അതുകൊണ്ട് ഈ വിഷയങ്ങളിൽ അതീവ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

**8. പുതിയ തന്ത്രങ്ങളുടെ വശീകരണശക്തി:**

ദുരുപദേശ സംഘങ്ങൾ വളരെ പക്വത കൈവരിച്ചിട്ടുണ്ട്. ദൈവത്തിങ്കലെ സത്യ വിശ്വാസത്തിൽ നിന്നും വിശ്വാസികളെ വ്യതിചലിപ്പിക്കുവാൻ നേരിട്ടാക്രമണം നടത്തുന്നതിനു പകരം പലവിധ തന്ത്രങ്ങളാൽ വശീകരിക്കുകയാണ് ചെയ്യുന്നത്. ഈ തന്ത്രങ്ങളുടെ വശീകരണ ശക്തി മനുഷ്യനു ചിന്തിക്കാവുന്നതിലും ഉന്നതമാണ്.

ഇരുപതാം നൂറ്റാണ്ടിൽ മനോവശീകരണം ഒരു ശാസ്ത്രവും കലയുമായി വികാസം പ്രാപിച്ചിരിക്കുന്നു. മനുഷ്യമനസ്സിനെ എപ്രകാരം വശീകരിക്കാം എന്നു പഠിക്കുന്ന 'ഡെപ്ത് അനാലിസിസ്' ഇന്നു വളരെ വിപുലമായ ഒരു പഠനശാഖയാണ്. ഈ പഠനങ്ങളുടെ ഫലങ്ങൾ ആദ്യമായി ഉപയോഗിച്ചിരുന്നതു ഉപഭോക്തൃ സാധന വിതരണക്കാരാണ്. എന്നാൽ ഇന്നു കൾട്ടുകളും ഈ വിവരങ്ങളെ ശേഖരിച്ചു തങ്ങളുടെ വ്യാജോപദേശങ്ങൾ മനുഷ്യ ഹൃദയങ്ങളെ വശ്യരൂപേണ ഏൽപിക്കാൻ ഉപയോഗിക്കുന്നു.

മനസ്സു വശീകരണ തന്ത്രങ്ങൾ മുൻപു വളരെ ചുരുക്കം പേർക്കു മാത്രമറിയാമായിരുന്ന സംഗതിയായിരുന്നു. ഇന്നു അനേകർക്ക് ഈ വിഷയത്തിൽ പ്രാവീണ്യം കൈവന്നിരിക്കുന്നു. ജനങ്ങളെ പാട്ടിലാക്കാൻ കൾട്ടുകൾ ഈ വിവരങ്ങൾ ഉപയോഗിക്കുന്നു. വിശ്വാസികൾക്കു ഈ തന്ത്രങ്ങളെക്കുറിച്ച് അറിവില്ലാത്തതുകൊണ്ട്, രക്ഷപ്പെടുകയോ ചെറുത്തു നിൽക്കുകയോ ചെയ്യുന്നതിനുപകരം അതിലകപ്പെട്ടു പോവുകയാണ് ചെയ്യുന്നത്.

ചുരുക്കത്തിൽ, സുവിശേഷ വിഹിത സഭകളിലെ തണുപ്പും മന്ദതയും വിശ്വാസശുദ്ധി കാത്തുസൂക്ഷിക്കേണ്ട ബോദ്ധ്യം വിശ്വാസികളിലില്ലാതാക്കുന്നു. തന്മൂലം ഉണർവ്വിന്റെ രൂപത്തിൽ വരുന്ന കൾട്ടുകളിലേക്കു തിരിച്ചറിവില്ലാത്ത വിശ്വാസികൾ വേഗം ചെല്ലുന്നു. ഓരോ ദിവസവും ഈ നിലയിൽ നഷ്ടപ്പെടുന്ന ആളുകളുടെ എണ്ണം ഏറിവരുന്നു. നാം ഉണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## III. കൾട്ടുകളോടു പോരാടേണ്ടതിന്റെ ആവശ്യകത

കഴിഞ്ഞ സഹസ്രാബ്ദം വരെ യുദ്ധം നടന്നതും വിജയിച്ചതും സൈന്യബലത്താലായിരുന്നു. അക്കാലത്തുപോലും ശത്രുക്കളെ കീഴടക്കാനുള്ള ബഹുവിധ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ കമാൻഡർമാരുണ്ടായിരുന്നു. അങ്ങനെ കുതന്ത്രങ്ങൾ കൊണ്ട് അവരും അനേകം ശത്രു സൈന്യങ്ങളെ കീഴടക്കി. ക്രമേണ സൈനിക തന്ത്രങ്ങൾ ഒരു ശാസ്ത്രമായും കലയായും വളർന്നു. തന്മൂലം ഇന്നു സൈനിക ജയത്തിനു ആൾബലത്തിനു പകരം തന്ത്രമാണ് പരമപ്രധാനമായിരിക്കുന്നത്.

സത്യവേദപുസ്തക വിശ്വാസവും അതിനെതിരായ ഉപദേശങ്ങൾ എല്ലാം ഒരു യുദ്ധക്കളത്തിലാണ്. വേദപുസ്തക വിശ്വാസികൾ യുദ്ധത്തിന് തയ്യാറല്ലെങ്കിൽ പോലും എതിർ ചേരി യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ്. നാം നമ്മുടെ അതിർത്തി കാത്തു സൂക്ഷിച്ചില്ലെങ്കിൽ, നമ്മുടെ വേണ്ടപ്പെട്ടവർ കൾട്ടുകളുടെ അടിമത്വത്തിലേക്കു വീഴും. അതുകൊണ്ട് നമ്മുടെ കുഞ്ഞുങ്ങൾക്കും, സഹോദരീ സഹോദരന്മാർക്കും, കുടുംബത്തിനും, സഭയിലെ വിശ്വാസികൾക്കും വേണ്ടി പോരാടണം. (നെഹ 4:14)

വിവരങ്ങൾ കൊണ്ടുള്ള പോരാട്ടത്തിന്റെ ആദ്യപടിയിൽ കൾട്ടുകളാണ് വിജയം വരിച്ചിരിക്കുന്നത്. വളരെ ശാന്തമായും തന്ത്രപരമായും സുവിശേഷ വിഹിതരുടെ മദ്ധ്യേ നുഴഞ്ഞു

കയറിയ കൾട്ടുകൾ പതിനായിരക്കണക്കിനു വിശ്വാസികളെ തട്ടിക്കൊണ്ടുപോയി. ഇതു തിരിച്ചറിഞ്ഞ സ്ഥലം സഭകൾ ഉണർന്നു പ്രവർത്തിച്ചതിനാൽ ഒരു പരിധിവരെ അവർ തുടരാക്രമണം നടത്താതെ സൂക്ഷിക്കാൻ സാധിച്ചു. ഇതു വിവരങ്ങൾ കൊണ്ടുള്ള പോരാട്ടമാണ്. അതിൽ ഉപദേശ സത്യങ്ങൾ വസ്തുനിഷ്ഠ മായി പഠിപ്പിച്ചു വിജയം കൈവരിക്കാം. വിവരങ്ങളാലുള്ള പോരാട്ടത്തിന്റെ മൂന്നാം പടിയിലാണ് നാം ഇപ്പോൾ.

ആദ്യ രണ്ടു പടിയിലും ബൈബിളിനെക്കുറിച്ചുള്ള ശരിയായ വിവരണം വിജയത്തിലേക്കു നയിച്ചു. എന്നാൽ ഈ നാളുകളിൽ പോരാട്ടത്തിന് ഒരു നാടകീയത കൈവന്നു. പോരാട്ടം വിഷയത്തിന്മേലാണെങ്കിലും എതിരാളിതന്ത്രങ്ങളാലാണ് പോരാടുന്നത്. മുഖാമുഖ പോരാട്ടത്തിനു പകരം കൾട്ടുകൾ ആളുകളുടെ മനസ്സിനെ മനശാസ്ത്ര തന്ത്രങ്ങളാൽ വശീകരിക്കുന്നു. പുതിയൊരു തന്ത്രം പ്രതിവിധിയായി സ്വീകരിച്ചാൽ മാത്രമേ സത്യവിശ്വാസികൾക്ക് കൾട്ടുകളെ പ്രതിരോധിക്കാൻ സാധിക്കൂ.

സഭയുടെ ഇന്നത്തെ സ്ഥിതിവിശേഷവും പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. കഴിഞ്ഞകാല വിശ്വാസികൾക്കു തിരുവെഴുത്തിൽ കൂടുതൽ നിശ്ചയവും പ്രാവീണ്യവും ഉണ്ടായിരുന്നു. കൂടുതൽ പ്രാവീണ്യം നേടുന്നതിനു പകരം ഇന്നത്തെ വിശ്വാസികൾ വചന പരിജ്ഞാനത്തിലും സമർപ്പണത്തിലും പിന്നോക്കം പോയിരിക്കയാണ്. ലോകമയത്വത്തിന്റെ വശ്യതയിൽ മയങ്ങിയിരിക്കുന്ന വിശ്വാസ ഹൃദയങ്ങൾ കൾട്ടുകൾക്കു നല്ല മേച്ചിൽ പുറമായിരിക്കുന്നു.

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായവും, മൂല്യങ്ങളും, സമൂഹിക സ്ഥിതിയും നന്മയെ തള്ളിക്കളഞ്ഞു തിന്മയെ ആശ്ലേഷിക്കാൻ വെമ്പുന്ന മനുഷ്യഹൃദയങ്ങളെ പരിപോഷിപ്പിക്കുന്നവയാണ്. കൾട്ടുകൾ ഇതു മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാൽ വകതിരിവും അർപ്പണവുമില്ലാത്ത വിശ്വാസികൾ പെട്ടുപോകുന്നു. എല്ലാ നിലയിലും പ്രയോജന രഹിതമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ് വിശ്വാസസമൂഹം. ആത്മീക വിഷയങ്ങൾക്കു പ്രത്യേകിച്ചു, വചന പഠനത്തിന് മനസ്സില്ലാത്ത ഇന്നത്തെ വിശ്വാസികൾ ഉണർവ്വിന്റെ പേരിൽ മാനസികോല്ലാസ ഭാവങ്ങളുമായി വരുന്ന കൾട്ടുകളെ ആശ്ലേഷിക്കുന്നതു സർവ്വസാധാരണമാകുന്നു. അതുമൂലം സുവിശേഷവിഹിത സഭകൾക്കു വൻ നഷ്ടമുണ്ടാകുന്നു.

കൾട്ടുകളുമായുള്ള പോരാട്ടത്തെ ഒഴിഞ്ഞിരിക്കുക സാധ്യമല്ല. കണ്ടില്ലെന്നു നടിക്കുന്നതും പ്രയോഗികമല്ല. കൾട്ടുകൾ പോരാട്ടം ആരംഭിച്ചുകഴിഞ്ഞു. ഒന്നുകിൽ കീഴ്പ്പെടണം. അതല്ലെങ്കിൽ ചെറുത്തു നിൽക്കണം. ഫലം ഇതിലേതായാലും നീണ്ടു നിൽക്കുന്നതായിരിക്കും. വെല്ലുവിളി ശത്രുപക്ഷം നടത്തുന്നു. നാം അതു കണ്ടു നോക്കുകുത്തിയെപോലെ നിന്നാലോ ഒഴിഞ്ഞു മാറിയാലോ അവർ നമ്മുടെ ഉറ്റവരെയും കൊണ്ടുപോകും: “ഞാൻ വന്നു, കണ്ടു, കീഴടക്കി” എന്ന ചൊല്ല് അവരോടുള്ള ബന്ധത്തിൽ അർത്ഥപൂർണ്ണമാകും. കാരണം പ്രതിരോധമില്ലല്ലോ.

സ്വാതന്ത്ര്യത്തിനു തികഞ്ഞ ജാഗ്രത അനുപേക്ഷണീയമാണ്. നാം തിരികെ പോരാടുന്നില്ലെങ്കിൽ നമ്മുടെ മക്കളും, സഹോദരങ്ങളും സഹവിശ്വാസികളും കൾട്ടുകളുടെ അടിമത്വത്തിലേക്കു പോകും. ഇതാണിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതും. കൾട്ടുകളിലേക്കും സമാന പ്രസ്ഥാനങ്ങളിലേക്കും നമ്മുടെ പ്രിയപ്പെട്ടവരിൽ എത്രയോ പേർ മാറിപ്പോയി. ചിലർ നമ്മോടുകൂടെയുണ്ടെങ്കിലും മാനസികമായി അവർ കൾട്ടുകളെ ആശ്ലേഷിക്കുന്നു.

നമ്മുടെ പ്രിയപ്പെട്ടവർക്കുവേണ്ടി നാം പോരാടണം. നമ്മുടെ സ്വാതന്ത്ര്യം നിലനിൽക്കേണ്ടതിനു നാം പോരാടണം.

## IV. കൾട്ടുകളെ അറിയുക

നാം സാധാരണയായി ഗുസ്തിമത്സരം ടി.വിയിൽ കാണാറുണ്ടല്ലോ. അവിടെ പ്രത്യേകിച്ച് നിയമങ്ങൾ ഒന്നുമില്ല. ഏതുവിധേനയും എതിരാളിയെ കീഴടക്കാം എന്നതാണ് തത്വം. ഒരു വ്യക്തി ജയിക്കുന്നതിനു മുമ്പു മാരകമായ പരുക്കുണ്ടാകയും രക്തം ചൊരിയപ്പെടുകയും ചെയ്യും.

ഇവിടെ ഒരാൾക്ക് യാതൊരു നിയമവും പാലിക്കാതെ പോരാടാനും എന്നാൽ വേറൊരാൾക്കു പ്രത്യേക നിയത്തിനു വിധേയമായി മാത്രം പോരാടേണ്ടതുമായ സാഹചര്യം വരുന്ന രംഗം ഒന്നു ചിന്തിച്ചുനോക്കുക. തീർച്ചയായും നിയമവിധേയമായി പോരാടുന്നവനെ ഏതു വിധത്തിലും ആക്രമിച്ചു കീഴ്പ്പെടുത്താൻ നിയമ രഹിതനു സാധിക്കും. ഇവിടെ ഒരുവന് ലംഘിക്കാനാവാത്ത നിയമത്തിന്റെ അതിരുകളും മറ്റവന് യാതൊരതിരുകളില്ലാത്തതും യുക്തമല്ലാത്ത ജയത്തിലേക്ക് നയിക്കും. നിയമവിധേയമായി പോരാടുന്നവന് ജയിക്കണമെങ്കിൽ ഇവിടെ എന്തെങ്കിലും അത്ഭുതം നടക്കണം.

നിയമവിധേയമായി പ്രവർത്തിക്കേണ്ട പോരാളിക്കു സമാനമാണ് ബൈബിൾ അക്ഷരാർത്ഥത്തിൽ വിശ്വസിക്കുന്ന വ്യക്തിയുടെ സ്ഥിതി. അവരുടെ ധർമ്മശാസ്ത്രവും കാഴ്ചപ്പാടും അതിർവരമ്പുകളെ ലംഘിക്കാനാവാത്തതാണ്. എന്നാൽ കൾട്ടുകൾക്ക് ഏതുവിധത്തിലും ആളുകളെ കൈവശപ്പെടുത്താനുള്ള സ്വാതന്ത്ര്യമുണ്ട്. നമ്മെ പരാജയപ്പെടുത്താൻ ഏതു മാർഗ്ഗം അവലംബിക്കുവാനും അവർക്ക് മടിയില്ല.

ഒന്നാമത്തെ പടയാളിയുടെ ആയുധം അദൃശ്യമാണെന്നുകൂടി ചിന്തിച്ചാൽ, നിയമപ്രകാരം പോരാടുന്ന പടയാളിക്കു ജയിക്കാൻ അത്ഭുതത്തിനു പോലും സ്ഥാനമില്ല. ഇതാണ് മിക്കപ്പോഴും നമ്മുടെ സ്ഥിതി. അനീതിയും തത്വരഹിതവുമായ പോരാട്ടമാണ് കൾട്ടുകൾ വേദവിശ്വാസികളായവർക്കെതിരെ അഴിച്ചുവിടുന്നത്. അവരെക്കുറിച്ചും അവരുടെ തന്ത്രങ്ങളെക്കുറിച്ചും നമുക്കറിവില്ലെങ്കിൽ, അവർ നമ്മടെമേൽ അദൃശ്യമായി സംഹാരതാണ്ഡവമാടും. എതിരാളിയുടെ തന്ത്രത്തെക്കുറിച്ച് അറിവില്ലാതിരിക്കയും അതേസമയം പ്രത്യേക നിയമത്തിനു വിധേയമായി പോരാടുകയും ചെയ്യേണ്ടിവരുന്ന വ്യക്തി എത്ര ബുദ്ധിമാനായാലും വിജയം കാണില്ല.

ഇവിടെ നിഷ്പക്ഷതയ്ക്ക് സ്ഥാനമില്ല. ഒന്നുകിൽ നാം നമ്മുടെ അതിർത്തി കാത്തുസൂക്ഷിക്കും. അല്ലെങ്കിൽ അവർ അടിമകളാക്കും. ഇവിടെ ശത്രുക്കളെക്കുറിച്ച് വ്യക്തമായ ഗ്രാഹ്യം തീർച്ചയായും ഉണ്ടായിരിക്കണം. അവർ നേരായ വിധത്തിലല്ല പോരാടാൻ പോകുന്നത്. അവരെ നേരെയാക്കാൻ നമുക്ക് സാധിക്കയുമില്ല. എന്നിരുന്നാലും, അവരെക്കുറിച്ചു നാം അറിവു നേടുന്നത് തടയാൻ അവർക്ക് സാധിക്കില്ല. ഇവിടെയെങ്കിലും നമ്മെതന്നെ നിഷ്ക്രിയരാക്കാതെ സൂക്ഷിക്കണം.

സമർപ്പണബോധമുള്ള വിശ്വാസി ഈ ചെറുപുസ്തകം മാത്രമല്ല, കൾട്ടുകളുടെ എല്ലാ പുസ്തകങ്ങളും വായിക്കണം. പക്ഷെ ഒരുകാര്യം, അതു വായിക്കുമ്പോൾ നിന്റെ ഉപദേശ ദർശനം വ്യതിചലിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തണം. മാനുഷിക ബുദ്ധിയിൽ നോക്കുമ്പോൾ അവരുടെ ഭാഷ ലളിതവും വിശദീകരണം ശരിയാണെന്നും തോന്നും. വഞ്ചിക്കപ്പെടരുത്.

## V. ഒരുക്കത്തിന്റെ ആവശ്യം

ചില പതിറ്റാണ്ടുകൾ മുമ്പുവരെയും വേദപുസ്തക വിശ്വാസികളായ സത്യ ക്രിസ്ത്യാനികൾ പോരാട്ട മനോഭാവത്തിൽ പേരു കേട്ടവരായിരുന്നു. എന്നാൽ കഴിഞ്ഞ മൂന്നു നാലു പതിറ്റാണ്ടുകളായി ആ സ്ഥിതിക്ക് സത്വരമായ ഒരു വ്യതിയാനം വന്നിരിക്കയാണ്. സമ്പത്തിന്റെ ബാഹുല്യം വേർപാടിൽ നിന്നും ഇഴുകിച്ചേരൽ എന്ന തത്വത്തിലേക്കു വിശ്വാസികളെ നയിച്ചു.

വേദപുസ്തക വിശ്വാസികളും വേർപെട്ടവരുമായ വിശ്വാസികൾ ക്രിസ്തീയ നാമമുള്ള ആരുമായും ചേർന്നുപോകാനും; വേർപാട് ഇന്നത്തെ അനാവശ്യ ചിന്തയാണെന്നുമുള്ള നിലയിലേക്ക് വന്നിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ വേർപാട്, ഉപദേശബുദ്ധി എന്നീ ആശയങ്ങൾക്ക് അവഗണനയാണ് ലഭിക്കുന്നത്. ദൗർഭാഗ്യമെന്നു പറയട്ടെ, മുമ്പ് വേർപാടിനും ഉപദേശത്തിനും വേണ്ടി ഉറച്ചുനിന്ന പലരും ഇന്ന് ഐക്യുമെനിസം അഥവാ ഏകലോക മതത്തിന്റെ വക്താക്കളായി മാറി. പണവും പ്രതാപവും വർദ്ധിച്ചപ്പോൾ വേർപാടും വിശുദ്ധിയും അനാവശ്യ കാര്യങ്ങളായി പരിണമിച്ചു. കൾട്ടുകളെ എതിർക്കേണ്ട ആവശ്യമില്ലെന്നും, വചനം അവർ അങ്ങനെ മനസ്സിലാക്കിയെന്നേയുള്ളെന്നും പറയുക മാത്രമല്ല, അവരും നമ്മുടെ ആത്മീക സഹോദരങ്ങളാണെന്നും പ്രഖ്യാപിക്കുക കൂടി ചെയ്യുന്നു.

## VI. എതിർ ചേരി യുദ്ധം പ്രഖ്യാപിച്ചു കഴിഞ്ഞു

സുവിശേഷ വിഹിത സഭകളിലെ പലരും കൾട്ടു വക്താക്കളെ 'ക്രിസ്തുവിൽ സ്നേഹമുള്ള സഹോദരന്മാർ' എന്ന് സംബോധന ചെയ്യുന്നത് ലജ്ജാകരമാണ്. കാരണം കൾട്ടുകൾ ഒരിക്കലും സുവിശേഷ വിഹിതരെ അങ്ങനെ കാണുന്നില്ല. നേരെമറിച്ച്, സുവിശേഷ വിഹിത സഭകളിൽ നിന്നും ആടുകളെ മോഷ്ടിക്കൽ ഒരു ലക്ഷ്യമായി കണ്ടു ജീവിക്കുന്നവരാണവർ. നമ്മുടെ രക്ഷ സുരക്ഷിതമാകാൻ എത്രയും വേഗം നാം കൾട്ടുകളിൽ ചേരണം എന്നു ചിത്രീകരിക്കുകയാണവരുടെ പതിവ്. നമ്മുടെ ഇടയിൽ വികാരജീവികൾ കൾട്ടുകളെ സഹോദരന്മാരായി കണ്ടു സ്നേഹിക്കാൻ തത്രപ്പെടുമ്പോൾ, ഏതു വിധേനയും അവരുടെ കെണിയിൽ നമ്മെ വീഴ്ത്തണമെന്ന ചിന്തയോടെ നാം മുറുകെ പിടിക്കുന്ന വേദപുസ്തക ഉപദേശങ്ങളെ അവർ ആക്രമിക്കുന്നു. അവരുടെ നോട്ടത്തിൽ അവരുടെ നിയന്ത്രണത്തിൻ കീഴിൽ വരേണ്ടവരാണ് സുവിശേഷ വിഹിത സഭകളിലെ വകതിരിവില്ലാത്തവർ.

ഒരു ഭോഷനു മാത്രമേ ഈ വെല്ലുവിളിയെ കണ്ടില്ലെന്നു നടിക്കുവാൻ സാധിക്കൂ. തക്കസമയത്ത് ചെറുത്തു നിൽപ്പും പോരാട്ടവും നടത്തിയില്ലെങ്കിൽ അതിന്റെ പരിണിത ഫലം ചിന്തിക്കാവുന്നതിനുമപ്പുറമായിരിക്കും. ആകയാൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

### 1. യഥാർത്ഥ പോരാട്ടം:

ഇന്നത്തെ സുവിശേഷ വിഹിത വിശ്വാസികൾ ആത്മീക പോരാട്ടത്തെക്കുറിച്ചു ചിന്തിക്കാൻ പോലും മടിയുള്ളവരാണ്. തന്മൂലം യുദ്ധം പ്രഖ്യാപിക്കാനോ യുദ്ധത്തിനു പോകാനോ തയ്യാറല്ല. എങ്കിലും കൾട്ടുകൾ യുദ്ധം പ്രഖ്യാപിക്കുകയും എല്ലാദിവസവും എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് പോരാട്ടം നടത്തുകയും ചെയ്യുന്നു.

ഒരുപക്ഷം മാത്രമാണ് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നതെങ്കിൽ അതു യുദ്ധമല്ലെന്നു ചിന്തിക്കുന്നവരുണ്ട്. ആ ചിന്ത ഭോഷത്വമാണ്. പോരാട്ടം ലക്ഷ്യമിട്ട് ഒരു പക്ഷം തന്നെ യുദ്ധം പ്രഖ്യാപിച്ചാലും അതു യുദ്ധമാണ്. നമ്മുടെ പക്ഷം പ്രതികരിച്ചാലും ഇല്ലെങ്കിലും മറുപക്ഷം വിജയം നേടുംവരെ പോരാടും.

ഏകപക്ഷീയമായ പോരാട്ടം സംതൃപ്തിയേകുന്നുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. ഏകപക്ഷീയമാണെങ്കിലും പോരാട്ടം പോരാട്ടമാണ്. കൾട്ടുകൾ നമ്മുടെ സഹവിശ്വാസികളെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇനിയും നമ്മുടെ അതിർത്തി കാത്തുസൂക്ഷിച്ചില്ലെങ്കിൽ വലിയ ചേതം വരും.

### 2. പോരാട്ടത്തെ അവഗണിക്കുന്നതു ഗുണം ചെയ്യില്ല:

കപട ഭക്തിക്കാർ ചിന്തിക്കുന്നത് ഒരു പ്രശ്നത്തെ കണ്ടില്ലെന്നു നടിച്ചാൽ അത് തനിയെ പരിഹരിക്കപ്പെട്ടുകൊള്ളും എന്നാണ്. കൾട്ടുകൾ സുവിശേഷ വിഹിത വിശ്വാസികൾക്ക്

എതിരെ പ്രഖ്യാപിച്ചിരിക്കുന്ന പോരാട്ടത്തോടും ചിലർ ഈ സമീപന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

കണ്ടില്ലെന്നു നടിച്ചതു കൊണ്ട് ഇതുവരെ ഒരു പ്രശ്നവും പരിഹരിക്കപ്പെട്ടിട്ടില്ല. അവഗണിച്ചതുകൊണ്ട് ഒരു യുദ്ധവും വിജയം കണ്ടിട്ടുമില്ല. ഇവിടെയും ഇതുതന്നെയാണ് സംഭവിക്കുന്നത്. നാം പ്രതികരിച്ചില്ലെങ്കിൽ കൾട്ടുകൾ നമുക്കു ദോഷം ചെയ്യില്ലെന്നു ചിന്തിച്ചാൽ, ചിന്തിക്കുന്നവൻ മൂഢനാണ്. ദുരുപദേശകൻ നിർദ്ദയനായ പോരാളിയാണ്. മറ്റുള്ളവരെ തന്റെ സംഘത്തിൽ ചേർക്കുന്നതു അവന്റെ രക്ഷയുടെ ഭാഗമാണ്. തന്മൂലം അവനെ നാം അവഗണിക്കുന്തോറും അവൻ ശക്തിയോടെ ആക്രമിക്കും. യാതൊരു ദയയും കൂടാതെ കഴിയുന്നത്ര ആളുകളെ അവൻ നമ്മിൽ നിന്നും അടിമകളായി കൊണ്ടുപോകും. അവനെ കണ്ടില്ലെന്നും സാരമില്ലെന്നും പറഞ്ഞ് അവഗണിക്കുന്നത് പ്രശ്നം പരിഹരിക്കില്ല; വഷളാക്കുകയേയുള്ളു.

### 3. അശ്രദ്ധയ്ക്കു വലിയ വില നൽകേണ്ടിവരും:

സുവിശേഷ വിഹിത വിശ്വാസികൾ കൾട്ടുകളുടെ ആക്രമണ ഭീഷണിയെ കണ്ണടച്ചു, കണ്ടില്ലെന്നു നടിച്ചിട്ടും, പോരാട്ടത്തിന്റെ തീവ്രത കുറഞ്ഞിട്ടില്ല. പകരം നമ്മുടെ വിശ്വാസികളിൽ നല്ലൊരു പങ്കിനെ അടിമകളായി നേടുവാൻ അവർക്ക് സാധിച്ചു.

ഒന്നോ രണ്ടോ എണ്ണമൊഴിച്ച് കൾട്ടുകൾ എല്ലാം തന്നെ സുവിശേഷ വിഹിത സഭകളിലാണ് തങ്ങളുടെ ഇരയെ കണ്ടെത്തുന്നത്. മറ്റു മതങ്ങളിൽ നിന്നുമെന്നതിനേക്കാൾ എളുപ്പം ആളുകളെ വശത്താക്കാം എന്ന ബോദ്ധ്യമാണവരെ നയിക്കുന്നത്. നമ്മൾ നിഷ്ക്രിയരായിരിക്കുന്നതിനാൽ നമുക്ക് ഊഹിക്കാൻ പോലും കഴിയാത്തത്ര ആളുകളെ അവർ കൈക്കലാക്കിക്കഴിഞ്ഞു. വലിയ കൾട്ടുകൾ മില്യൺ കണക്കിനും ചെറിയ കൾട്ടുകൾ പതിനായിരക്കണക്കിനും സുവിശേഷവിഹിത വിശ്വാസികളെ തങ്ങളുടെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവന്നു. ദുഃഖകരമെന്നു പറയട്ടെ ക്രൈസ്തവേതര കൾട്ടുകൾ പാരമ്പര്യ ക്രൈസ്തവ സഭകളിൽ നിന്നും മില്യൺ കണക്കിന് ആളുകളെ കൈവശപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലും ഈ സാഹചര്യം ഉടലെടുത്തുവരുന്നു.

നിശബ്ദത നല്ലതാണ്, പക്ഷെ ഈവിധ പോരാട്ടവേദികളിൽ അല്ല. പതിനായിരക്കണക്കിനു വിശ്വാസികളെ ഈ കൾട്ടുകൾ നമ്മിൽ നിന്നും അപഹരിച്ചു. നവയുഗ പ്രസ്ഥാനത്തിന്റെയും മറ്റു നൂതന ദുരുപദേശ സംഘങ്ങളുടെയും സ്വാധീനത്തിൻ കീഴിൽ അസംഖ്യം വിശ്വാസികൾ ഇന്നു നമ്മുടേതായുണ്ട്. ഇനിയും നാം നിഷ്ക്രിയരായി തുടർന്നാൽ നഷ്ടം വളരെ ഭീമമായിരിക്കും. അവരിൽ ചിലരുടെയെങ്കിലും രക്തത്തിനുകണക്കു നാം പറയേണ്ടതായി വരും.

### 4. പോരാട്ടത്തിനുള്ള പരിശീലനവും ഒരുക്കവും ആവശ്യം:

പടയാളികൾ അഭിമുഖമായി നടത്തുന്ന യുദ്ധങ്ങൾ ഇന്ന് അന്യമായിരിക്കുന്നതുപോലെ ആത്മീക പോരാട്ടത്തിന്റെ രീതിയിലും വ്യത്യാസം വന്നിട്ടുണ്ട്. ഇന്നത്തെ ദുരുപദേശകൻ കേവലം ബൈബിളിനെ ലഘുവായി കാണുന്ന വ്യക്തിയല്ല മറിച്ച് മനഃശാസ്ത്രപരമായി യുദ്ധത്തിനായി കച്ചകെട്ടിയിറങ്ങിയിരിക്കുന്ന സർവ്വായുധ ധാരിയായ പടയാളിയാണ്.

ശക്തിമാനായ ഒരു വ്യക്തി കരാട്ടെ ബ്ലാക്ക് ബെൽറ്റുകാരന്റെ മുമ്പിൽ അടിപതറുന്നതു പോലെ, ഗറില്ലാ യുദ്ധമുറ പ്രയോഗിക്കുന്ന ദുരുപദേശകന്റെ മുമ്പിൽ എത്ര ശക്തനായ വിശ്വാസിയും അടിപതറാം. ഇതിനുള്ള ഏക പോംവഴി പരിശീലനമാണ്. ആ പരിശീലനം അത്ര വിഷമമുള്ളതൊന്നുമല്ല. ദൈവവചനം ജീവനും ചൈതന്യമുള്ളതും ഇരുവായ്ത്തല വാളിനേക്കാൾ മൂർച്ചയേറിയതുമാണ്. അത് എങ്ങനെ പ്രയോഗിക്കണമെന്നു പഠിച്ചാൽ മതി. അതു

നമുക്കുവേണ്ടി പടപൊരുതിക്കൊള്ളും. വചനം കൈകാര്യം ചെയ്യാൻ വേണ്ടത്ര പരിശീലനം നമുക്കില്ലാത്തതുകൊണ്ട് അനേകരെ നമുക്ക് നഷ്ടമാകുന്നു. പരിശീലനം നാം ഇനിയും പ്രാപിക്കുന്നില്ലെങ്കിൽ പതനം സുനിശ്ചിതം.

### 5. പോരാട്ട മനോഭാവം അനിവാര്യം:

മുൻപു പരാമർശിച്ചതുപോലെ സുവിശേഷ വിഹിതവിശ്വാസികൾക്കിന്ന് പിതാക്കന്മാർക്കുണ്ടായിരുന്നതുപോലുള്ള പോരാട്ട മനോഭാവമില്ല. കോൺസ്റ്റന്റൈന്റെ കാലം മുതൽ തന്നെ വിശുദ്ധ ജീവിതത്തേക്കാൾ മനുഷ്യനു ശ്ലാഘ്യമായതു അനുരഞ്ജനമായിരുന്നു. വിശുദ്ധിക്കു വേർപാടു അനിവാര്യമാണ്. അനുരഞ്ജനത്തിന്റെ ആത്മാവു ഭരിക്കുന്ന വിശ്വാസികൾക്ക് വിശുദ്ധിയും വേർപാടും അരോചകത്വമുളവാക്കും.

സുവിശേഷവിഹിത സഭാ വിഭാഗങ്ങളുടെയെല്ലാം പിതാക്കന്മാർ വിശുദ്ധി, വേർപാട്, എന്നിവയിൽ മുറുകെ പിടിച്ചിരുന്നവരും അനുരഞ്ജനത്തിന് അണുവിട സ്ഥാനം നൽകാത്തവരുമായിരുന്നു. ജീവിത വിശുദ്ധിയും വേർപാടും കാത്തുസൂക്ഷിക്കുന്നതിന് വീറുള്ള പോരാട്ട മനോഭാവം ആവശ്യമാണ്. പോരാട്ട മനോഭാവം കുറഞ്ഞു വരുമ്പോൾ തങ്ങൾക്ക് ലഭിച്ച പരിശീലനത്തെ അവഗണിക്കാനുള്ള പ്രവണത വിശ്വാസികൾക്ക് ഉണ്ടാകും.

ഉപദേശപരമായ പോരാട്ടത്തിന് പരിശീലനവും ഒരുക്കവും അനിവാര്യമാണ്. പിതാക്കന്മാർക്കുണ്ടായിരുന്ന പോരാട്ടവീര്യം നഷ്ടപ്പെട്ട നമുക്ക് ദുരുപദേശകരോടു എതിർത്തു നിൽക്കാൻ വേണ്ടത്ര പരിശീലനം നേടുവാൻ സാധിക്കുന്നില്ല. പിതാക്കന്മാരുടെ പോരാട്ട വീര്യമനോഭാവത്തിലേക്ക് മടങ്ങിവരികയാണ് ഏക പോംവഴി.

### 6. നഷ്ടം കുറയ്ക്കാൻ ആക്രമണം അനിവാര്യം:

സുവിശേഷ വിഹിത വിശ്വാസികൾ അലസരും ഒഴിഞ്ഞുമാറുന്നവരുമായിരിക്കുന്ന കാലത്തോളം ദുരുപദേശകരാലുണ്ടാകുന്ന ചേതം വളരെ വലുതായിരിക്കും. എന്നാൽ നമ്മൾ പ്രത്യാക്രമണം ചെയ്യാനാരംഭിച്ചാൽ നഷ്ടത്തിന്റെ തോതു കുറയും.

ഇന്നു പോരാടാൻ നമുക്കുള്ള വൈമനസ്യവും, അതിൽ കാത്തു സൂക്ഷിക്കുന്നതിലെ ഉദാസീനതയും കൾട്ടുകൾക്ക് തങ്ങളുടെ തന്ത്രങ്ങളിൽ അനാവശ്യ ശുഭപ്രതീക്ഷ നൽകുന്നു. നമ്മുടെ ഉദാസീനത വിശ്വാസികൾക്ക് വന്നനുഭവിക്കുന്ന അപകടത്തിന്റെ ഭീകരത കാണുവാൻ കഴിയാത്ത മേഘപടലം പോലെ വർത്തിക്കുന്നു.

പിതാക്കന്മാരുടെ പോരാട്ടവീര്യം നാം വീണ്ടെടുത്താൽ, ആടുകളെ മോഷ്ടിക്കാനുള്ള കൾട്ടുകളുടെ വ്യഗ്രതയ്ക്കു തീവ്രത കുറയും. തന്നെയുമല്ല, വിശ്വാസികൾക്ക് അപകടത്തിന്റെ ഗൗരവം മനസ്സിലാവുകയും ചെയ്യും. ഇവ ഒത്തുചേരുമ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ചേതത്തിലും കുറവു വരും.

### 7. ഒരുക്കം ചെറുത്തുനിൽപ്പിനെയും പോരാട്ടത്തെയും സഹായിക്കും:

നമ്മുടെ പിതാക്കന്മാരുടെ പോരാട്ട മനോഭാവം വീണ്ടുകിട്ടിയാൽ ഒരുക്കത്തിനുള്ള ശുഷ്കാന്തി താനെ വന്നുകൊള്ളും. ഒരിക്കൽ പരിശീലനവും ഒരുക്കവും ലഭിച്ചാൽ ശത്രുവിനോടു പോരാടാനും ചെറുത്തു നിൽക്കാനും എല്ലായ്പ്പോഴും സാധിക്കും. നാം അങ്ങനെ ചെയ്യുമ്പോൾ, പിതാക്കന്മാരുടെ അധ്വാനവും ദർശനവും കൂടുതൽ ഫലവത്താകും.

ചുരുക്കത്തിൽ, കപട ഭക്തിക്കാരായി ദൈവജനത്തിനും സഭയ്ക്കും സംഭവിക്കുന്ന ദോഷത്തെ കണ്ടു രസിക്കാതെ, ശത്രുവിനോടു പോരാടുവാൻ നമുക്ക് എഴുന്നേൽക്കാം. പോരാടുന്നില്ലെങ്കിൽ നമുക്ക് ചേതം വരും. നമ്മുടെ സഹവിശ്വാസികളെ നേടാൻ മാത്രമല്ല, നമ്മുടെ വിശ്വാസം വർദ്ധിക്കുവാനും പോരാട്ടം ഉപകരിക്കും.

## പ്രധാന ക്രിസ്തീയ ദുരുപദേശ സംഘങ്ങൾ

1. യഹോവാ സാക്ഷികൾ
2. ശാബത്തുകാർ (സെവന്ത് ഡേ അഡ്വന്റിസ്റ്റ്സ്)
3. ക്രിസ്റ്റാഡെൽഫിയൻസ്
4. പ്രാദേശിക സഭകൾ - വിറ്റ്നസ് ലീ
5. ക്രിസ്ത്യൻ ഫാമിലി ഫെലോഷിപ്പ് മിനിസ്ട്രി
6. ക്രിസ്ത്യൻ ഐഡന്റിറ്റി മൂവ്മെന്റ് (ബ്രിട്ടീഷ് യിസ്രായേലിസം)
7. ക്രിസ്ത്യൻ സയൻസ്
8. ചിൽഡ്രൻ ഓഫ് ഗോഡ്
9. ഇന്റർനാഷണൽ ചർച്ച് ഓഫ് ക്രൈസ്റ്റ് ബോസ്ടൺ
10. എക്കാൻകർ
11. ദി ഫാം
12. മോർമോണിസം
13. വൺണസ് പെന്റകോസ്റ്റൽസ്
14. പ്രജാപതി - കോശി എബ്രഹാം
15. റോമൻ കത്തോലിസിസം
16. ഷെപ്പേഡ്സ് ചാപ്പൽ
17. സ്മിത്തിസം അഥവാ പുനനിസം - സാക്പുന്നൻ
18. സ്വീഡൻ ബോർഗ്യാനിസം
19. മൂണികളുടെ യൂണിഫിക്കേഷൻ ചർച്ച്
20. യൂണിറ്റി സ്കൂൾ ഓഫ് ക്രിസ്റ്റ്യാനിറ്റി
21. യൂണിവേഴ്സാലിസം
22. വേയ് ഇന്റർനാഷണൽ

അധ്യായം - 2

# വിവിധ ക്രൈസ്തവ കൾട്ടുകളും അവയുടെ ഉപദേശങ്ങളും

വിവിധ കൾട്ടുകളുടെ ഉപദേശങ്ങൾ അവലോകനം ചെയ്യുന്നതിനു മുമ്പ് ശരിയായിട്ടുള്ള ക്രിസ്തീയ വിശ്വാസം എന്താണ് എന്ന് അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

## I. യാഥാസ്ഥിക ക്രിസ്തീയ വിശ്വാസ പ്രസ്താവനകൾ

### 1. ബൈബിൾ = പരിശുദ്ധാത്മ നിശ്വസിത തിരുവെഴുത്ത്

ബൈബിൾ ദൈവീക അരുളപ്പാടുകളുടെ സമ്പൂർണ്ണ സമാഹാരമാണ്. 1400-ൽപരം വർഷങ്ങൾകൊണ്ട് 40-ൽപരം എഴുത്തുകാരാൽ എഴുതപ്പെട്ടുവെങ്കിലും ഇതിൽ "രക്ഷയുടെ ആ ചുവപ്പുനാട" ആദിയോടന്തം നീണ്ടു കിടക്കുന്നതു ശ്രദ്ധേയമാണ്. പല രാജ്യക്കാരും പല ഭാഷക്കാരും ജീവിതത്തിന്റെ വ്യത്യസ്ത തുറകളിൽ ജീവിച്ചിരുന്നവരുമാണ് എഴുത്തുകാർ എങ്കിലും ഇതിന്റെ അഖണ്ഡത അതിശയിപ്പിക്കുന്നതാണ്. അതുകൊണ്ട് ഒരു ദൈവപൈതൽ ഇത് ദൈവനിവേശിതമാണെന്നും പരിശുദ്ധാത്മാവ് എന്ന ഏക വ്യക്തിയാണ് ഇതിന്റെ എഴുത്തുകാരൻ എന്നും, വള്ളിപുള്ളി ഒഴിഞ്ഞുപോകാത്തതും ജീവനും ചൈതന്യവും ഉള്ളതാണെന്നും എന്നെന്നേക്കും നിലനിൽക്കുന്ന ദൈവവചനമാണെന്നും മായമില്ലാത്ത പാൽ ആണെന്നും വിശ്വസിക്കുന്നു. (1 പത്രൊ 1:23).

### 2. പിതാവ് = പരമോന്നതനായ സൃഷ്ടാവും പരിപാലകനും

"ഏക സത്യദൈവം മാത്രമേയുള്ളു. ഞാനല്ലാതെ മറ്റൊരു ദൈവമില്ല" എന്ന് ബൈബിൾ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ദൈവം നിത്യനാണ്. അറിവും ഇച്ഛാശക്തിയും ഉള്ള അഥവാ വ്യക്തിത്വമുള്ള വ്യക്തിയാണ്. അവൻ സകലത്തിന്റെയും സൃഷ്ടാവാണ്. അതുകൊണ്ട് അവൻ സകലത്തിന്റെയും പിതാവാണ് എന്നു മാത്രമല്ല അവൻ സർവ്വശക്തനാണ്, സർവ്വജ്ഞാനിയാണ്, സർവ്വവ്യാപിയാണ്, അവൻ വീണ്ടെടുക്കുന്ന മഹാദൈവമാണ്, അവൻ ത്രിയേകനാണ്.

### 3. യേശു = മനുഷ്യനായവതരിച്ച ദൈവപുത്രൻ

അവൻ സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമാണ്. അവൻ ദൈവത്തിന്റെ സകല സത്ഗുണങ്ങളും ദേഹരൂപത്തിൽ വസിക്കുന്നവനാണ്, അവൻ അനാദിയിൽ തന്നെ പിതാവിന്റെ മടിയിൽ വിനോദിച്ചു കൊണ്ടിരുന്നവനാണ്. കാലസമ്പൂർണ്ണതയിൽ കന്യാസുതനായി ജനിച്ചവനാണ്, സകല ലോകത്തിന്റെയും പാപങ്ങളെ ചുമന്നൊഴിച്ച ദൈവത്തിന്റെ കുഞ്ഞാടാണ്, അവൻ വേഗം മടങ്ങിവരുന്ന മഹാദൈവമാണ്.

### 4. പരിശുദ്ധാത്മാവ് = രക്ഷിതഗണത്തിനുള്ള ദൈവീക കാര്യസ്ഥൻ

പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ് (അറിവും, കോപവും, വികാരവും, ഇച്ഛാശക്തിയും ഉള്ളവനാണ്). പിതാവിന്റെ അരികിൽ നിന്ന് പുറപ്പെട്ട സത്യാത്മാവ് എന്ന കാര്യസ്ഥനാണ്. പുത്രനെ കുറിച്ച് സാക്ഷ്യം പറയുന്നവനാണ് (യോഹ. 15:26). പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധ്യം വരുത്തുന്നവനാണ് (യോഹ. 15:26). വിശ്വാസികളെ സകല സത്യത്തിലും വഴി നടത്തുന്നവനാണ്. സ്വയമായി സംസാരി

ക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് അറിയിച്ചു തരികയും ചെയ്യുന്നവനാണ് (യോഹ. 16:13). യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവ് അയക്കുന്ന കാര്യസ്ഥനാണ്. അവൻ സകലതും ഉപദേശിച്ച് തരികയും യേശുക്രിസ്തു പറഞ്ഞത് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നവനാണ് (യോഹ. 14.26). അവൻ വിശ്വാസികളിൽ വസിക്കുന്നു എന്നു മാത്രമല്ല അവരുടെ മർതൃശരീരത്തെ ജീവിപ്പിക്കുന്നവനുമാണ് (റോമ. 8:11). വിശ്വാസി അവനാൽ നിറഞ്ഞ് സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിക്കുകയും ഹൃദയത്തിൽ കർത്താവിന് പാടുകയും കീർത്തനം ചെയ്തുകൊണ്ട് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവും ആയവന് സ്തോത്രം ചെയ്യുന്നു (എഫേ. 5:18-20). അവൻ നാം ദൈവത്തിന്റെ മക്കൾ എന്ന് നമ്മുടെ ആത്മാവോട് സാക്ഷ്യം പറയുന്നു (റോമ. 8:16).

മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ ദൈവത്തിന്റെ സാദൃശ്യ പ്രകാരം സൃഷ്ടിക്കപ്പെട്ടവനാണ്. എന്നാൽ ഏക മനുഷ്യനായ ആദാമിന്റെ പാപം നിമിത്തം പാപം സകലരിലും പരന്ന് എല്ലാവരും പാപം ചെയ്ത് ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്ന അവസ്ഥയിലാണ്. നീതിമാനായ ആരും തന്നെയില്ല ഒരുത്തൻ പോലുമില്ല. മനുഷ്യൻ ദൈവത്തെ വിട്ടകന്നുപോയവനാണ്. നിത്യ ശിക്ഷാഗ്നിക്ക് വിധിക്കപ്പെട്ടവനാണ്. വീണ്ടെടുക്കപ്പെടുന്നില്ലെങ്കിൽ ആശയ്ക്കു വകയില്ലാത്തവനാണ്.

### 5. രക്ഷ = പാപത്തിൽ നിന്നുള്ള വിടുതൽ

രക്ഷ ദൈവത്തിന്റെ ദാനമത്രേ ആകുന്നു. അവൻ തന്റെ വലങ്കരത്താൽ രക്ഷിക്കുന്നു. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ യേശുവിന്റെ നാമമല്ലാതെ മറ്റൊരു നാമമില്ല. രക്ഷആരും സ്വതവേ സമ്പാദിക്കുന്നില്ല. സഹോദരനെ വീണ്ടെടുക്കാനോ ദൈവത്തിന് വീണ്ടെടുപ്പ് വില കൊടുക്കുവാനോ ആർക്കും കഴിയില്ല. അത് ഒരുനാളും സാധിക്കയില്ല. അത് ദൈവീക ദാനമാണ്. അവൻ പ്രാണനെ പാതാളത്തിന്റെ അധികാരത്തിൽ നിന്ന് വീണ്ടെടുക്കുന്നു. അത് പ്രവൃത്തിമൂലമല്ല അവന്റെ കൃപയാലത്രേ.

### 6. രണ്ടാം വരവ് = ക്രിസ്തീയ രാജ്യത്തിന്റെ പ്രത്യക്ഷത

യേശക്രിസ്തു താൻ പോയതുപോലെ തന്നെ മടങ്ങിവരും. അവൻ നീതിയോടെ ഭരിക്കുന്ന ഒരു രാജാവായി ഭൂമിയിൽ വാഴും. അവൻ ഭമിയെ നീതിയോടും വംശങ്ങളെ നേരോടും കൂടെ ഭരിക്കും. അവൻ എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തം ഭക്തി കെട്ടവരെയൊക്കെയും ബോധം വരുത്തുവാൻ ആയിരമായിരം വിശുദ്ധന്മാരോടും കൂടെ മേഘാരൂഢനായി വേഗം ഇറങ്ങിവരും.

### 7. അന്ത്യ ന്യായവിധി = അനുസരണക്കേടിനുള്ള അന്തിമ ഫലം

ഓരോരുത്തൻ ചെയ്തതിനു തക്കവണ്ണം പ്രാപിക്കുവാൻ അവനവന്റെ നിരയിൽ എഴുന്നേറ്റു വരും. ഒരിക്കൽ മരിക്കയും പിന്നീട് ന്യായവിധിയും മനുഷ്യർക്ക് കൽപ്പിച്ചിരിക്കുന്നു.

### 8. നരകം = രക്ഷാതിരസ്ക്കരണത്തിനുള്ള ഓഹരി

നരകം ഒരു യാഥാർത്ഥ്യമാണ്. അവിടെ നല്ലൊരു ശിക്ഷാവിധിയുണ്ട്. തങ്ങളുടെ പാപത്തിൽ മരിക്കുന്നവർക്ക് ഒരിക്കലും അവിടെനിന്നും വിമോചനമില്ല. നരകം കരച്ചിലിന്റെയും പല്ലുകടിയുടെയും സ്ഥാനമാണ്. ഒരിറ്റു ദാഹജലത്തിനായി കെഞ്ചുന്ന സ്ഥലമാണ്. ദൈവകോപത്തിന് ആളിക്കത്തുന്ന ഇടമാണ്, അത് അഗാധകൂപമാണ്.

## II. വിവിധ ക്രിസ്ത്യൻ കൾട്ടുകളും ഉപദേശങ്ങളും

പ്രധാന ദുരുപദേശ സംഘടനകളെക്കുറിച്ചും ഉപദേശങ്ങളെക്കുറിച്ചും ചുവടെ ചേർക്കുന്നു.

### 1. യഹോവാ സാക്ഷികൾ

**1. ബൈബിൾ**

ഇക്കൂട്ടർ വിശ്വസിക്കുന്നത് ബൈബിൾ ദൈവവചനം ആണെന്നു തന്നെയാണ്. എന്നാൽ ചലം ണീൃഹറ ീൃമിഹെമശേീി ഒഴികെയുള്ള മറ്റെല്ലാ ബൈബിളിലും ധാരാളം അർത്ഥവ്യത്യാസങ്ങൾ സംഭവിച്ചിട്ടുണ്ട്. മൂലഭാഷകളുടെ ശരിയായ പരിഭാഷ ന്യൂ വേൾഡ് ട്രാൻസിലേഷൻ (NWT) ബൈബിൾ മാത്രം.

എല്ലാ വ്യക്തികൾക്കും ബൈബിൾ വ്യാഖ്യാനിക്കുവാൻ അധികാരമില്ല. ണമരേവ ഠീംലൃ ആശയഹല മിറ ഠൃമരേ ടീരശലഌ നൽകുന്ന വ്യാഖ്യാനം മാത്രമേ അംഗീകരിക്കപ്പെട്ടതായുള്ളു. എല്ലാ സാക്ഷികളും ആ വ്യാഖ്യാനം മാത്രമേ വിശ്വസിക്കുകയുള്ളു.

**2. പിതാവ്**

പിതാവ് മാത്രമാണ് ദൈവം. ത്രിത്വം എന്നൊന്ന് ബൈബിളിൽ ഇല്ലാത്തതിനാൽ സാത്താനാണ് ഇതിന്റെ ഉപജ്ഞാതാവ്. ദൈവം ഏകനാണ്, ദൈവം യഹോവയാണ്, യഹോവ മാത്രമേ ആരാധനയ്ക്കു യോഗ്യനായുള്ളു.

**3. യേശു**

യേശു ദൈവത്തിന്റെ ഒന്നാമത്തെ സൃഷ്ടിയാണ്. അവൻ സൃഷ്ടികളിൽ ആദ്യജാതനാകയാൽ ഒരിക്കലും അവൻ ദൈവമല്ല. അവനൊരു ദേവൻ മാത്രം.

**4. മനുഷ്യൻ**

സകല മനുഷ്യരും പാപത്തിന് അടിമകളാണ്.

**5. രക്ഷ**

രക്ഷയ്ക്കായി യഹോവാ സാക്ഷികളുടെ സമൂഹത്തിൽ അംഗമാകണം. ആ സമൂഹത്തിൽ കൂടി മാത്രമേ ദൈവം ഇന്ന് രക്ഷ നൽകുന്നുള്ളു. അഥവാ ണമരേവ ഠീംലൃ ഠൃമരേ ടീരശലഌയിൽ അംഗമായാൽ മാത്രമേ രക്ഷിക്കപ്പെടുകയുള്ളു.

**6. രണ്ടാംവരവ്**

യേശുക്രിസ്തു രഹസ്യമായി 1914-ൽ രണ്ടാമതും വന്നുകഴിഞ്ഞു. അവൻ രണ്ടാമതും വരും എന്ന വാക്കിന്റെ അർത്ഥം “അവൻ പോയതുപോലെ വരും” എന്നല്ല.

**7. അന്ത്യവിധി**

ഇനിയും ഒരു അന്ത്യന്യായവിധി ദിവസം ഇല്ല. മരിച്ചവർ ഇതുവരെ ചെയ്തു കഴിഞ്ഞ പ്രവൃത്തികളുടെ ശിക്ഷ അനുഭവിച്ചു കഴിഞ്ഞു. ഇനിയും ഉയർത്തെഴുന്നേറ്റതിനു ശേഷമുള്ള പ്രവൃത്തികളുടെ ശിക്ഷ മാത്രമേ അവശേഷിക്കുന്നുള്ളു.

**8. നരകം**

മരണശേഷം ആത്മാവ് നിത്യതയിൽ ജീവിക്കുന്നു എന്നു പ്രചരിപ്പിക്കുന്നത് സാത്താനാണ്. അതുപോലെതന്നെ നരകത്തിൽ ആത്മാവ് യാതന അനുഭവിക്കുന്നു എന്നു പറയുന്നും.

## 2. മോർമോൺസ്

### 1. ബൈബിൾ

ഇക്കൂട്ടർക്ക് ദൈവിക അരുളപ്പാടുകൾ ബൈബിളിൽ മാത്രമല്ല ഒതുങ്ങിയിരിക്കുന്നത്. ബൈബിളും ദൈവവചനമാണ് എങ്കിലും The Book of Mormons Doctrine and Covenants, The Pearl of Great Price എന്നീ പുസ്തകങ്ങൾകൂടി ഇവർക്ക് ദൈവവചനമാണ്. എന്നു മാത്രമല്ല ഈ പുസ്തകങ്ങൾ ബൈബിളിലും വിലപ്പെട്ടതും ആധികാരികവുമാണ്.

### 2. ദൈവം

ദൈവം നിത്യനാണ്. എന്നാൽ “ഇപ്പോൾ മനുഷ്യൻ ആയിരിക്കുന്ന അവസ്ഥയിൽ ദൈവവും ഒരിക്കൽ ആയിരുന്നു.” ദൈവത്തെ തനിക്കു മുമ്പെയുള്ള ദൈവിക മാതാപിതാക്കന്മാർ ജനിപ്പിച്ചതാണ്.

### 3. യേശുക്രിസ്തു

യേശുവിനെ ഈ ദൈവീക മാതാപിതാക്കന്മാർ തന്നെ ജനിപ്പിച്ചതാണ്. എന്നാൽ യേശു പിന്നീട് വേറൊരു ദൈവമായിത്തീർന്നു.

### 4. മനുഷ്യൻ

മനുഷ്യൻ പാപിയാണ്. എന്നാൽ അവൻ ഒരിക്കലും പാപിയായി ജനിച്ചതുകൊണ്ട് പാപിയാകുന്നതല്ല. പിന്നെയോ അവൻ പാപം ചെയ്ത് പാപിയായിത്തീർന്നു. ആദാമ്യപാപം മറ്റുള്ളവരിലേക്ക് പകരുന്നില്ല.

### 5. രക്ഷ

The Church of latter day saints അഥവാ മോർമോൺസിനു വെളിയിൽ ഒരിക്കലും രക്ഷ ലഭിക്കുകയില്ല.

### 6. രണ്ടാംവരവ്

യേശുക്രിസ്തു ഒശശൈൗൃശയുടെ സ്വാതന്ത്ര്യത്തിനായി വീണ്ടും വരും.

### 7. അന്ത്യന്യായവിധി

ഇത് സകലർക്കും ഉണ്ട്. എന്നാൽ ഖീലുെവ ടാശവേന്റെ അനുവാദത്തോടുകൂടിയല്ലാതെ ആരെയും ദൈവം നിത്യസ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ല.

### 8. നരകം

നരകം എന്നൊന്നില്ല. എന്നാൽ പാപത്തിൽ മരിക്കുന്ന വ്യക്തിയുടെ പാപത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് താൻ അതതു നിലയിലുള്ള അന്ധകാരത്തിൽ പ്രവേശിക്കുന്നു. വളരെ ചുരുങ്ങിയ ഒരു സംഖ്യമാത്രം പുറത്തുള്ള കൂരിരുട്ടിൽ വീഴുന്നു.

## 3. സയൻഷോളജി (Scientiology)

### 1. ബൈബിൾ

ബൈബിൾ ദൈവവചനമല്ല. ഘ. ഞീ ഔയയമൃറന്റെ ഗ്രന്ഥങ്ങളാണ് യഥാർത്ഥ ദൈവവചനം. അവയ്ക്ക് മുമ്പിൽ ബൈബിൾ നിഷ്പ്രഭമാണ്.

### 2. ദൈവം

ദൈവം എന്നാൽ ചലനാത്മകവും ( റ്യിമാശര) വീര്യത്തമായ സ്വഭാവമുള്ള വ്യക്തിപരമല്ലാത്ത ആരാധ്യ സാദ്ധ്യമായ ഒരു ശക്തിയാണ്.

**3. യേശുക്രിസ്തു**

യേശുക്രിസ്തു മാനസികമായി സ്വതന്ത്രനായ ഒരു വ്യക്തിയാണ്. പൂർണ്ണ പ്രബോധോദയം ലഭിച്ച വ്യക്തിയായിരുന്നില്ല. അടിസ്ഥാനപരമായി മനുഷ്യൻ നല്ലവനാണ്. ഒരുത്തനെ പാപി എന്നോ നീ മാനസാന്തരപ്പെടണമെന്നോ പറയുന്നത് ഹീനമായ ഒരു കാര്യമാണ്.

**4. രക്ഷ**

പുനരവതാര ചക്രം പൂർത്തിയാക്കിയ സർവ്വശക്തിത്വം കൈവരിക്കുക വഴിയാണ് ഒരുവന് രക്ഷ അഥവാ മോക്ഷം ലഭിക്കുകയുള്ളു. അതിനുശേഷം മാത്രമേ ഒരുവൻ രക്ഷിക്കപ്പെട്ടു എന്നു പറവാൻ സാധിക്കയുള്ളു.

**5. രണ്ടാംവരവ്**

യേശുക്രിസ്തു തിരികെ വരികയില്ല. എന്നാൽ ടരശലിശേീഹീഴശരമഹഹ്യ വിശ്വസിക്കുന്നത് ഒരു രണ്ടാം ബുദ്ധൻ വന്നു എന്നാണ്. അത് ഘ. ഞീ ഔയയമൃറ ആയിരുന്നു.

**6. അന്ത്യന്യായവിധി**

നമ്മോട് വ്യക്തിപരമായി കണക്കു തീർക്കുവാൻ ആവശ്യപ്പെടുന്ന ഒരു ദൈവവുമില്ല. പുനരവതാര ചക്രം വഴി വീണ്ടും വീണ്ടും ഒരാത്മാവ് ഓരോ ശരീരം സ്വീകരിക്കുകയാണ് ചെയ്യുന്നത്.

**7. നരകം**

നരകം ഒരു കല്പിത കഥയാണ്. മനുഷ്യരെ വ്യാകുലപ്പെടുത്തുന്ന ഒരു നുണയാണത്.

## 4. യൂണിഫിക്കേഷൻ ചർച്ച് (Unification Church)

**1. ബൈബിൾ**

ബൈബിൾ ദൈവവചനമാണ്. എന്നാൽ പുതിയ നിയമത്തിനെയും കവച്ചു വെയ്ക്കുന്ന മറ്റൊരു പുതിയ അരുളപ്പാടുകൂടിയുണ്ട്. അത് The Divine Principles അഥവാ The Completed Testament എന്നതാണ്.

**2. ദൈവം**

ദൈവം ത്രിയേകനല്ല. യേശുക്രിസ്തു ദൈവത്തിന്റെ ഒരു സൃഷ്ടിയും പരിശുദ്ധാത്മാവ് ഒരു സ്ത്രീ ആത്മാവും ആണ് (Female Spirit).

**3. യേശുക്രിസ്തു**

യേശുക്രിസ്തുവിനെ ഒരു രണ്ടാം ദൈവമെന്നോ ദൈവത്തിന്റെ രൂപമെന്നോ വിളിക്കാമെങ്കിലും അവനെ ഒരു സമ്പൂർണ്ണ ദൈവം എന്നു വിളിക്കുക അസാദ്ധ്യമാണ്.

**4. മനുഷ്യൻ**

മനുഷ്യൻ പാപിയാണ്. എന്നാൽ ഇത് എന്നും തുടർന്നു പോകുന്ന ഒരവസ്ഥയല്ല.

**5. രക്ഷ**

ഇന്ന് രക്ഷ ലഭിക്കുക എന്നത് ദൈവത്തിന്റെ ആ രണ്ടാം ആവിർഭാവമായ Rev. Moon-നെ വിശ്വസിക്കുകയും സേവിക്കുകയും വഴിയാണ്.

**6. രണ്ടാം വരവ്**

ഇനിയും ഒരു രണ്ടാംവരവ് ഇല്ല. Rev. Moon യേശുക്രിസ്തുവിന്റെ പുനരവതാരമാണ്.

**7. അന്ത്യന്യായവിധി**

മനുഷ്യശരീരം ഒരിക്കൽ മരിച്ചു മണ്ണിൽ ലയിച്ചു കഴിഞ്ഞാൽ വീണ്ടും വേർതിരിച്ചെടുത്ത് ഒരു ന്യായവിധി നടത്തുക അസാദ്ധ്യമാണ്.

**8. നരകം**

നരകം എന്നൊന്നില്ല. ദൈവത്തിന്റെ അന്തിമോദ്ദേശം സകല മനുഷ്യരേയും രക്ഷിക്കുക എന്നുള്ളതാണ്. സാത്താനേയും അവന്റെ ദൂതന്മാരേയും പോലും ദൈവം രക്ഷിക്കും.

## 5. ദ വേയ് ഇന്റർനാഷണൽ (The way International)

**1. ബൈബിൾ**

ബൈബിൾ ദൈവവചനമാണെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു. എന്നാൽ അതിനെ എല്ലാവർക്കും വിവേചിക്കുവാൻ അധികാരമില്ല. ആ അധികാരം Victor Paul Wierwille-യ്ക്ക് മാത്രമാണുള്ളത്. അദ്ദേഹത്തിന്റെ വിവേചനത്തിന് വിരുദ്ധമായോ അതിനോടു കൂട്ടിയോ മറ്റാർക്കും വിവേചിക്കുവാൻ അധികാരമില്ല.

**2. ദൈവം**

ത്രിത്വോപദേശം ഒരു സാത്താന്യ ഉപദേശമാണ്. ദൈവം പിതാവു മാത്രമാണ്. അവൻ മാത്രമാണ് ആരാധനയ്ക്കു യോഗ്യൻ. യേശുക്രിസ്തു അവന്റെ പുത്രൻ മാത്രമാണ്. പരിശുദ്ധാത്മാവ് എന്നത് ദൈവത്തിന്റെ മറ്റൊരു നാമമാണ്.

**3. യേശുക്രിസ്തു**

യേശുക്രിസ്തു ദൈവമല്ല. അവൻ യുഗാരംഭത്തിൽ ദൈവത്തോടു കൂടിയില്ലായിരുന്നു. അവൻ ദൈവപുത്രനാണ്. അവൻ സൃഷ്ടികളിൽ ആരംഭവുമാണ്.

**4. മനുഷ്യൻ**

മനുഷ്യൻ പാപിയാണ്. അവൻ പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെടുത്തിയവനാണ്. അവൻ നിത്യശിക്ഷാവിധിക്ക് വിധിക്കപ്പെട്ടവനാണ് എന്നു മാത്രമല്ല ദൈവത്തിൽ നിന്നും അകന്നു പോയവനുമാണ്.

**5. രക്ഷ**

രക്ഷ സ്വയമായി സമ്പാദിക്കുവാൻ ആർക്കും ഒരുനാളം കഴിയുന്നതല്ല. ആ രക്ഷ ദൈവീകദാനമാണ്. രക്ഷ യഹോവയ്ക്കുള്ളതാണ്. ആ രക്ഷ യേശുക്രിസ്തുവിൽ കൂടി മാത്രമാണ് ഒരു വ്യക്തിക്കു ലഭിക്കുന്നത്. എന്നാൽ രക്ഷകനായ ക്രിസ്തു ദൈവമല്ല പിന്നെയോ സമ്പൂർണ്ണ മനുഷ്യനാണ്.

**6. രണ്ടാംവരവ്**

യേശുക്രിസ്തു താൻ പോയതുപോലെ തന്നെ തിരികെ വരും.

**7. അന്ത്യന്യായവിധി**

അന്തിമ കാഹള സമയത്ത് സകലരും എഴുന്നേറ്റ് വരും. എന്നാൽ ഇപ്പോൾ യേശുക്രിസ്തു ഒഴികെ ക്രിസ്തുവിൽ മരിച്ച ആരുടെയും ആത്മാവ് ജീവിച്ചിരിക്കുന്നില്ല (സ്വർഗ്ഗത്തിലില്ല).

**8. നരകം**

നരകം എന്നൊന്നില്ല. രക്ഷിക്കപ്പെടാത്ത സകലരെയും മൂലച്ഛേദം ചെയ്തു കളയും

## 6. വേൾഡ് വൈഡ് ചർച്ച് ഓഫ് ഗോഡ്

### 1. ബൈബിൾ

ബൈബിൾ ദൈവവചനമാണ്. എന്നാൽ അതിനെ വിവേചിക്കുവാൻ Herbert W. Armstrong നു മാത്രമേ അധികാരമുള്ളു. അദ്ദേഹം വിവേചിച്ചിട്ടുള്ളതിനോട് യാതൊന്നു കൂട്ടുകയോ കുറയ്ക്കുകയോ അരുത്.

### 2. ദൈവം

ദൈവമെന്നാൽ ആത്മാക്കളുടെ ഒരു കുടുംബമാണ്. ത്രിത്വസിദ്ധാന്തം ഒരു ദുരുപദേശമാണ്. ഇപ്പോൾ ഈ ആത്മാക്കളുടെ കുടുംബത്തിൽ യേശുക്രിസ്തുവും പിതാവും മാത്രമേയുള്ളു.

### 3. യേശുക്രിസ്തു

യേശുക്രിസ്തുവിൽ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദൈവരൂപത്തിൽ വസിക്കുന്നു. അവൻ ഒരിക്കൽ മാത്രം മനുഷ്യനായി ജനിച്ചു. എന്നാൽ അവൻ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു.

### 4. മനുഷ്യൻ

മനുഷ്യർ പാപികളാണ്. അവർ പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകന്നു പോയവരാണ്. അവർ എല്ലാവരും നിത്യശിക്ഷാവിധിക്ക് വിധിക്കപ്പെട്ടവരാണ്.

### 5. രക്ഷ

രക്ഷ ദൈവം നൽകുന്നതാണ്. എന്നാൽ അത്, ഒന്നും പ്രവർത്തിക്കാതെ ദൈവം ദാനമായി നൽകുന്ന ഒന്നല്ല. രക്ഷിക്കപ്പെടേണ്ടതിന് പഴയ നിയമത്തിലെ പല കല്പനകളും പാലിക്കേണ്ടതുണ്ട്. മാത്രമല്ല സഭ അനുശാസിക്കുന്ന നിയമങ്ങളും പാലിക്കാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്. World Wide Church of God-ൽ അംഗമായി പഴയ നിയമകല്പനകളും സഭാനിയമങ്ങളും പാലിക്കുന്ന ഒരുവനു മാത്രമേ രക്ഷ സാദ്ധ്യമാകുകയുള്ളു.

### 6. രണ്ടാംവരവ്

യേശുക്രിസ്തു തനിക്കുവേണ്ടി കാത്തിരിക്കുന്ന തന്റെ ഭക്തരെ ചേർക്കുവാൻ താൻ പോയതുപോലെ തന്നെ ഭൂമിയിൽ തിരികെ വരും

### 7. അന്ത്യന്യായവിധി

സകലരെയും ദൈവം അന്ത്യന്യായവിധിക്കായി ഉയർപ്പിക്കും. തന്നിൽ വിശ്വസിച്ച തന്റെ മക്കളെ അവൻ തന്നോടു ചേർക്കും. എന്നാൽ ഒരിക്കൽ പോലും ഈ ഭൂമിയിൽ വച്ച് സുവിശേഷം കേട്ടിട്ടില്ലാത്തവർക്ക് പുനരുത്ഥാനത്തിനുശേഷം ഒരവസരം കൂടി ലഭിക്കും. അപ്പോൾ വിശ്വസിക്കുന്നവരെയും ദൈവം തന്നോടു ചേർക്കും

### 8. നരകം

യേശുക്രിസ്തുവിനെ തിരസ്ക്കരിക്കുന്നവർ നിത്യകാലം നരകത്തിൽ വസിക്കും എന്നുള്ളത് വാസ്തവമല്ല. അവരെ നരകത്തിന്റെ തീച്ചൂളയിൽ ഇടുകവഴി അവർ അസ്തിത്വമില്ലാത്തവരായി തൽക്ഷണം ഛേദിക്കപ്പെട്ടുപോകും.

## III. കൾട്ടുകളും അവരുടെ പ്രവർത്തനശൈലികളും

കൾട്ടുകൾ എന്നും യഥാസ്ഥിതിക ക്രിസ്തീയ വിശ്വാസത്തിന് എതിരായിരുന്നു. Waler Marin കൾട്ടുകൾക്കു നൽകിയിരിക്കുന്ന നിർവ്വചനം ശ്രദ്ധേയമാണ്. "ഏതെങ്കിലും ഒരു വ്യക്തിയുടെ ബൈബിൾ വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തി രൂപംകൊള്ളുന്ന ഒരു സമൂഹത്തെ ക്രൈസ്തവ കൾട്ട് എന്നു വിളിക്കാം." ഇക്കൂട്ടർ സാധാരണയായി വ്യതിചലിക്കുന്നവരായിരിക്കും.

സത്യം അന്വേഷിക്കുക എന്നുള്ളത് മനുഷ്യന്റെ ജന്മവാസനയാണ്. സത്യത്തെ അന്വേഷിക്കുന്ന ഈ വ്യക്തികൾക്കു താൻ ആരാണെന്നും എവിടെനിന്നും വന്നു എന്നും എവിടേക്ക് പോകുന്നു എന്നും മറ്റുമുള്ള കാര്യങ്ങൾ അറിവാൻ ഒരു വാഞ്ചയുണ്ട്. ഈ വാഞ്ചയെയാണ് കൾട്ടുകൾ ദുർവിനിയോഗം ചെയ്യുന്നത്. എല്ലാ കൾട്ടുകളുടെയും പക്കൽ ഇതുപോലെയുള്ള സത്യാന്വേഷിയുടെ ചോദ്യങ്ങൾക്ക് ഉത്തരമുണ്ടായിരിക്കും. ഇല്ലായെങ്കിൽ തന്നെ തങ്ങൾക്ക് അറിവുണ്ട് എന്ന് ഇക്കൂട്ടർ നടിക്കുന്നു. തന്റെ എല്ലാ പ്രശ്നങ്ങൾക്കും ശരിയായ പരിഹാരം ഈ കൾട്ടുകൾക്ക് നിർദ്ദേശിക്കുവാൻ കഴിയുമെന്ന് അവർ ആ വ്യക്തിയെ ബോദ്ധ്യപ്പെടുത്തുന്നു.

കൾട്ടുകളുടെ മറ്റൊരു പ്രത്യേകത അവർ മനുഷ്യസമൂഹത്തിന് പ്രയോജനകരമായ പലതും തങ്ങൾ ചെയ്യുന്നു എന്നു നടിക്കുന്നു. ഒരു വ്യക്തി ഒരു കൾട്ടു ഗ്രൂപ്പിൽ അംഗമായി തീരുന്നത് ഒരിക്കലും ബാക്കി എല്ലാ മതവിശ്വാസങ്ങളും തത്വങ്ങളും പരിശോധിച്ചതിനു ശേഷമായിരിക്കില്ല. പിന്നെയോ താൻ ചേർന്നിരിക്കുന്ന ഈ കൾട്ടു മാത്രമാണ് തന്റെ ലോകം. ഒരു വിധത്തിൽ പറഞ്ഞാൽ, ഒരുതരം കൂപമണ്ഡൂപങ്ങൾ (കിണ റ്റിൽ വീണ തവളയ്ക്കു സമാനം - തവളയ്ക്കു കിണറ്റിനു വെളിയിലുള്ള യാതൊന്നും അറിയില്ലല്ലോ, ചിന്തിക്കുന്നുമില്ലാ). താൻ കണ്ടുമുട്ടിയ കൾട്ടിന്റെ തന്നെ എല്ലാ വശങ്ങളെക്കുറിച്ചുപോലും ചിന്തിക്കുവാൻ അവന് അവസരം ലഭിക്കാറില്ല. അഥവാ ചിന്തിക്കുകയാണെങ്കിൽ തന്നെ താൻ തങ്ങളുടെ സമൂഹത്തിൽ ഒറ്റപ്പെട്ടു പോകും എന്ന ഭയത്താൽ അവയെ പരസ്യമായി പ്രസ്താവിക്കുവാൻ ധൈര്യപ്പെടാറില്ല. ഭയവും ആകുലചിന്തയും കൊണ്ട് ആ വ്യക്തി ആ കൾട്ടുഗ്രൂപ്പിൽ തന്നെ തുടരേണ്ടി വരുന്നു.

കൾട്ടുകൾ ഒരുതരം വൈറസ് രോഗം പോലെയാണ്. ഈ രോഗാണുക്കൾ യാഥാസ്ഥിതിക ക്രിസ്ത്യൻ സഭകളെപ്പോലും കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. കഴിയുമെങ്കിൽ തന്റെ വ്രതന്മാരെപ്പോലും തെറ്റിക്കുവാനും സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ.

## IV. കൾട്ടുകളുടെ ചില പ്രത്യേക സ്വഭാവങ്ങൾ

കൾട്ടുകൾ തങ്ങൾക്കു മാത്രമായി ചില സവിശേഷതകളുണ്ടെന്നും തങ്ങൾ മാത്രമാണ് അനുഗ്രഹീതർ എന്നും അവകാശപ്പെടാറുണ്ട്. തങ്ങളുടെ വിഭാഗത്തിൽ അംഗമല്ലാത്ത സകലരും നരകത്തിനുള്ള ഇന്ധനമാണ് എന്ന് ഇക്കൂട്ടർ ധരിച്ചുവച്ചിരിക്കുന്നു. ഇവർ എപ്പോഴും തങ്ങളുടെ നിസ്തുല്യ ഗുണങ്ങൾ അവകാശപ്പെടുവാൻ ചില വിശേഷതകൾ എടുത്തു പറയാറുണ്ട്. അവയിൽ ചിലത്:-

### 1. പുതിയ സത്യം

ഇതുവരെ ചരിത്രത്തിൽ ആർക്കും ദൈവം വെളിപ്പെടുത്താതിരുന്നതും തങ്ങളോടുള്ള പ്രത്യേക മമതയാൽ ദൈവം തങ്ങൾക്ക് നൽകിയതാണ് എന്ന് അവകാശപ്പെടുന്നതുമാണ് ഈ പുതുസത്യങ്ങൾ.

ചില ഉദാഹരണങ്ങൾ :

1. റവ. മൂണിന്റെ അവകാശവാദം, യേശുക്രിസ്തുവിന്റെ ജീവിതദൗത്യം പൂർത്തീകരിക്കു

വാൻ യേശു കർത്താവ് തന്നെ തിരഞ്ഞെടുത്തു എന്നാണ് റവ. മൂൺ പറയുന്നത്. അത് ഇപ്രകാരമാണ്, "യേശുക്രിസ്തുവിന്റെ ഹൃദയത്തെ പൂർണ്ണമായും അറിയുകയും, അവന്റെ കഷ്ടാനുഭവങ്ങളെ പൂർണ്ണമായി ഗ്രഹിക്കയും, ഭാവിയെക്കുറിച്ച് പൂർണ്ണ പ്രത്യാശ പ്രാപിച്ചതും ഞങ്ങൾ മാത്രമാണ്. (Rev. Moon the way of the world, Holy Spirit Assn For the unification of the world's Christianity Vol. III No 4, April 1996)

2. മോർ മോൺ ചർച്ചിനു പറയാനുള്ളത്, യഥാർത്ഥ ക്രിസ്തീയത്വം നീണ്ട 18 നൂറ്റാണ്ടുകൾ നിഗൂഢമായിരുന്നു. അവർ വഴിതെറ്റി ജീവിക്കുകയായിരുന്നു. എന്നാൽ ഫീലെുവ ടാശവേന് ദൈവം നഷ്ടപ്പെട്ടുപോയ ആ യഥാർത്ഥ സുവിശേഷം സ്പഷ്ടമായി വെളിപ്പെടുത്തിക്കൊടുത്തു. എന്നു മാത്രമല്ല ഇപ്പോഴും അവൻ തന്റെ പ്രവാചകന്മാർക്ക് ആ വെളിപ്പെടുത്തലുകൾ തുടർന്നു കൊണ്ടേയിരിക്കുന്നു.

എല്ലാ കൾട്ടുകളും ഇങ്ങനെ ബൈബിൾ മാത്രമല്ല ആധികാരികമായി എടുക്കുന്നത്. അവർ തങ്ങൾക്ക് മാത്രം ലഭിച്ചത് എന്നവകാശപ്പെടുന്ന എന്തെങ്കിലും 'പുതിയ സത്യം' ബൈബിളിനോട് കൂട്ടിച്ചേർക്കും. യഥാർത്ഥത്തിൽ ആ പുതിയ സത്യമായിരിക്കും അവരുടെ ഏറ്റവും പ്രധാനമായ ഉപദേശവും.

## 2. പുതിയ വ്യാഖ്യാനം

ചില കൾട്ടുകൾക്ക് ബൈബിൾ മാത്രമായിരിക്കും ആധികാരികമായിട്ടുള്ള ഗ്രന്ഥം. എങ്കിലും എല്ലാ അംഗങ്ങൾക്കും ലഭിച്ച വെളിച്ചം അനുസരിച്ച് ബൈബിൾ വ്യാഖ്യാനിക്കുവാൻ അധികാരം ഉണ്ടായിരിക്കുകയില്ല. തങ്ങളുടെ കൾട്ട് നേതാവ് വ്യാഖ്യാനിക്കുന്ന ആ "പുതിയ വ്യാഖ്യാനരീതി" അവർ അംഗീകരിക്കണം. തങ്ങളുടെ ഉപദേശത്തെ സ്ഥാപിക്കുവാൻ വേണ്ടി നേതാവ് ചെയ്യുന്ന ഏത് ദുർവ്യാഖ്യാനമാണെങ്കിലും കൾ ട്ടിലെ അംഗങ്ങൾ അവയെല്ലാം അംഗീകരിച്ചേ (ശരിവെച്ചേ) മതിയാകൂ.

## 3. ബൈബിളിന്റെ ആധികാരികത

കൾട്ടുകൾ സാധാരണയായി പിൻതുടർന്നു വരുന്ന മറ്റൊരു നയം മൂലഗ്രന്ഥത്തിന്റെ മാത്രമായുള്ള ദൈവനിവേശിതമാണ്. മൂലഗ്രന്ഥം ദൈവനിവേശിതമാണെങ്കിലും അവയെ പരിഭാഷപ്പെടുത്തിയപ്പോൾ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട് എന്ന് ഇക്കൂട്ടർ പഠിപ്പിക്കുന്നു. ഇന്ന് ലഭ്യമായിട്ടുള്ള മിക്ക പരിഭാഷകൾക്കും ഇതു തന്നെയാണ് സ്ഥിതി എന്നു അവർ പ്രചരിപ്പിച്ചിരിക്കുന്നു. അങ്ങനെ ഇവർ ബൈബിളിന്റെ ആധികാരികതയെ തന്നെ ചോദ്യം ചെയ്യുന്നു. തങ്ങളുടെ ഉപദേശങ്ങൾ സ്ഥാപിക്കുവാൻ ദൈവവചനത്തെ കോട്ടിക്കളഞ്ഞ് അതാണ് യഥാർത്ഥ പരിഭാഷ എന്ന വ്യാജേന അവർ പുറത്തിറക്കുന്നു.

ഉദാ: യഹോവാ സാക്ഷികളുടെ ""New World Translation of the Holy Scriptures" ഇതിലെ ഏറ്റവും രസാവഹമായ വസ്തുത ഈ ബൈബിൾ പരിഭാഷകർ ആരെന്നോ അവരുടെ യോഗ്യത എന്തെന്നോ ഒരിക്കലും അവർ പുറത്തു വിടാറില്ല എന്നതാണ്.

## 4. മറ്റൊരു ക്രിസ്തു

യാഥാസ്ഥിതിക ക്രിസ്തീയ വിശ്വാസത്തിൽ യേശുക്രിസ്തു "സകലത്തിന്റെയും ലാക്കും കാരണഭൂതനും ആണ്." എന്നാൽ കൾട്ടുകളുടെ ഒരു പ്രത്യേകത അവരുടെ ക്രിസ്തു എപ്പോഴും 'മറ്റൊരു ക്രിസ്തു ആയിരിക്കും.' യഹോവാ സാക്ഷികളുടെ അഭിപ്രായത്തിൽ യേശുക്രിസ്തു കന്യകാജനനത്തിനു മുമ്പ് മീഖായേൽ ദൂതനായിരുന്നു. അവൻ ആരംഭത്തിൽ ഇല്ലായിരുന്നു. അവൻ ദൈവത്തിന്റെ സൃഷ്ടികളിൽ ഒന്നാമനാണ്. എന്നാൽ മോർമോൺസിന്റെ വിശ്വാസപ്രകാരം യേശു സ്വർഗ്ഗീയ മാതാവിന്റെയും പിതാവിന്റെയും ലൈംഗിക വേഴ്ചയുടെ ഫലമായി ഉളവായ അനേക ദൈവപുത്രൻമാരിൽ ആദ്യജാതനാണ്. എന്നുമാത്രമല്ല സ്വർഗ്ഗീയ പിതാവ് കന്യാമറിയത്തിൽ അവനെ ജനിപ്പിച്ചു എന്നുമാണ് അവർ പഠിപ്പിക്കുന്നത്. ഇവർ എന്തുതന്നെ വിശ്വസിച്ചാലും എല്ലാ കൾട്ടുകളെ സംബന്ധിച്ചും ഒരുകാര്യം തറിപ്പിച്ചു പറയാൻ സാധിക്കും. അവരുടെ ക്രിസ്തു "മറ്റൊരു ക്രിസ്തു" ആണ്.

### 5. യഥാസ്ഥിതിക ക്രിസ്തുമാർഗ്ഗവും കൾട്ടുകളും

എല്ലാ കൾട്ടുകൾക്കും പറയുവാൻ ഉള്ളത് ക്രിസ്തുമാർഗ്ഗം യഥാർത്ഥ ദൈവവഴിയിൽ നിന്നും വളരെ അകലെയാണ് എന്നാണ്. തിയോസൊഫിയുടെ സ്ഥാപകയായ Helena P. Blavetsky-ക്ക് യാഥാസ്ഥിതിക ക്രിസ്തു മതത്തെപ്പറ്റി പറയുവാനുള്ളത് ശ്രദ്ധേയമാണ്. "ക്രിസ്തുമതം ഇന്ന്, സൈദ്ധാന്തികമായ വാദഗതിയോടുകൂടിയതും അസഹിഷ്ണുവായതും സ്ഥാനങ്ങൾക്കും, ധനത്തിനും, അധികാരങ്ങൾക്കും മാത്രം ആഗ്രഹമുള്ളതും കളങ്കം നിറഞ്ഞതുമായ കാപട്യക്കാരുടെ മതമാണ്." (H.P. Blavastiky, studies in Occulttisn, Theosopphial University Press Vide page 138).

Joseph Smith-ന് പറയാനുള്ളത് ഇതിലും വിശേഷമാണ്. യേശു ക്രിസ്തു സ്മിത്തിന് പ്രത്യക്ഷനായി തന്റെ ദൗത്യം ഏൽപ്പിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം യേശുക്രിസ്തുവിനോട് ചോദിച്ചു. "ഞാൻ, ഏതു സഭയിലാണ് ചേരേണ്ടത് എന്ന്. അതിന് യേശു അവനോട് ഉത്തരം പറഞ്ഞു. "നീ അവരുടെ ഒരു സഭയിലും ചേരരുത്. അവരെല്ലാം ഒരുപോലെ തെറ്റിപ്പോയിരിക്കുന്നു." തുടർന്ന് യേശു ഇങ്ങനെ പറഞ്ഞു, "അവരുടെ ധർമ്മതത്വ പദ്ധതികളെല്ലാം എന്റെ മുമ്പിൽ നികൃഷ്ടമാണ്. അവർ ദുർമാർഗ്ഗികളാണ്. അവർ അധരം കൊണ്ട് എന്നെ വൃഥാ സേവിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നിൽ നിന്നും അകന്നിരിക്കുന്നു. അവർ ദൈവസേവയെ ആദായസൂത്രമാക്കി മാറ്റിയവരാണ്. മാനുഷിക കല്പനകൾ അഭ്യസിപ്പിക്കുന്നവരാണ്."

### 6. കൾട്ടുകൾ ഇരുവാക്കുകാരാണ്

കൾട്ടുകളുടെ മറ്റൊരു പ്രത്യേകത അവർ പരസ്യമായി ഒന്നു പറയുകയും രഹസ്യമായി മറ്റൊന്നു വിശ്വസിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. മിക്ക കൾട്ടുകളും തങ്ങൾ ക്രിസ്ത്യാനികളാണെന്ന് അഭിമാനിക്കുന്നു. എന്നാൽ ഗൂഢമായി അവർ ക്രിസ്തു നിഷേധികളാണ്. ഉദാ: മോർമോൺസ് "ഞങ്ങൾ... അവന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു" എന്നു പരസ്യമായി പറയും. എന്നാൽ അവരെ ശ്രദ്ധിച്ചാൽ അവർ യഥാർത്ഥ ക്രിസ്തുവിൽ നിന്ന് വളരെ അകലെയാണ് ജീവിക്കുന്നതെന്ന് മനസ്സിലാക്കാം. അവരുടെ ക്രിസ്തു മറ്റൊരു ക്രിസ്തുവാണ്.

### 7. കൾട്ടുകളും ദൈവശാസ്ത്രവും

കൾട്ടുകൾ ദൈവീക ത്രിത്വനിഷേധികളാണ്. ബൈബിൾ പഠിപ്പിക്കുന്ന ത്രിയേക ദൈവം അഥവാ ത്രിത്വോപദേശം തികച്ചും വിജാതീയരുടേതാണെന്നും സാത്താന്യ ഉപദേശമാണെന്നും ഇക്കൂട്ടർ പഠിപ്പിക്കുന്നു. ഉദാ: യഹോവാ സാക്ഷികൾ, ദ വേയ് ഇന്റർനാഷണൽ.

### 8. മാറുന്ന ഉപദേശങ്ങൾ

കൾട്ടുകൾക്ക് തങ്ങളുടെ ഉപദേശങ്ങൾ പലപ്പോഴും കാലഗതി അനുസരിച്ച് മാറ്റേണ്ടി വന്നിട്ടുണ്ട്. എന്നാൽ ദൈവസഭയ്ക്ക് തങ്ങളുടെ ഉപദേശങ്ങളെ ഒരിക്കൽ പോലും മാറ്റേണ്ടിവന്നിട്ടില്ല. ഉദാ. യഹോവാ സാക്ഷികൾക്ക് ആദ്യകാലത്തു പ്രതിരോധ കുത്തിവെയ്പ്പുകൾ അനുവദിച്ചിരുന്നില്ല. ആരെങ്കിലും വാക്സിനേഷൻ എടുക്കുകയാണെങ്കിൽ അവന് തങ്ങളുടെ കൾട്ട് സമൂഹത്തിലെ അംഗത്വം നഷ്ടപ്പെട്ടിരുന്നു. എന്നാൽ ഇന്ന് അവർ ആ ഉപദേശത്തെ പുറംതള്ളി Christianity Today-ൽ പ്രസിദ്ധീകരിച്ച Interview പ്രകാരം Mr. William Snar (A Former high official of Jehovah's Witness) പറഞ്ഞത് ഇപ്പോഴത്തെ പ്രസിഡന്റായ എ്യലറലൃശരവ എ്യമിഴ-ന്റെ കാലശേഷം രക്തസംക്രമണ (Blood transfution) ത്തിന്മേൽ ഇപ്പോൾ നിലനിൽക്കുന്ന നിരോധനം പൂർണ്ണമായും പിൻവലിക്കപ്പെടും എന്നാണ്.

യഹോവാ സാക്ഷികൾ കർത്താവിന്റെ രണ്ടാംവരവിന്റെ സമയം ഇന്നേനാൾ വരെ ഏഴു പ്രാവശ്യം മാറ്റിമാറ്റിപ്പറഞ്ഞു കഴിഞ്ഞു. അതേപോലെ തന്നെയാണ് മോർമോൺ സഭയ്ക്കും. അവരും തങ്ങളുടെ വിശ്വാസപ്രമാണം പലതവണ മാറ്റി. അതിലേറ്റവും പ്രാധാന്യമായത് ആദ്യകാലത്ത് ആചരിച്ചിരുന്നതും ഇപ്പോൾ നിരോധിച്ചതുമായ ബഹുഭാര്യാത്വം എന്ന ഉപദേശമാണ്.

### 9. കൾട്ടുകളും നേതൃത്വവും

കൾട്ടുകൾക്ക് എപ്പോഴും ഒരു ഉറച്ച നേതൃത്വമുണ്ടായിരിക്കും. ഈ നേതാക്കന്മാർ ദൈവീക അരുളപ്പാടുകൾ ലഭിച്ചവരാണ് എന്ന് അവകാശപ്പെടുകയും ചെയ്യും. തങ്ങളുടെ സമൂഹത്തിന്റെ പെരുമാറ്റ ശൈലി അനുശാസിക്കുന്നതും ഇദ്ദേഹമായിരിക്കും. (The Unification Church, The way International and the World Wide Church of God) ഉറച്ച നേതൃത്വമുള്ളതുകൊണ്ട് കൾട്ടിലെ എല്ലാ അംഗങ്ങളെയും പൂർണ്ണമായി കീഴ്പ്പെടുത്തുവാൻ അവന് കഴിയുന്നു. തിരുവായ്ക്ക് എതിർവായില്ല എന്ന അവസ്ഥയിൽ അവൻ എത്തിച്ചേർന്നു. ഫലമോ കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന ആപ്തവാക്യം പോലെ ഈ കൾട്ടുകൾ പൂർണ്ണ അഴിമതിയിൽ മുങ്ങി വലയുന്നു.

### 10. രക്ഷ പ്രവൃത്തിയാൽ

കൾട്ടുകൾ രക്ഷയ്ക്കായി വിശ്വാസത്തെ മാത്രമല്ല ആശ്രയിക്കുന്നത്. യേശുക്രിസ്തു കാൽവരി ക്രൂശിൽ ചൊരിഞ്ഞ രക്തത്തോട് മറ്റെന്തെങ്കിലും അവർ എപ്പോഴും കൂട്ടിച്ചേർക്കാൻ ശ്രമിച്ചു. അങ്ങനെ കൂട്ടിച്ചേർക്കുന്നത് സ്നാനമോ നിയമങ്ങളോ കല്പനകളോ എന്തെങ്കിലും ആയിരിക്കും. ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്നത് രക്ഷക്കായി യേശുക്രിസ്തുവിന്റെ രക്തവും അവന്റെ കൃപയും മാത്രം മതി എന്നാണ്. World Wide Church of God-ന്റെ സ്ഥാപകനും പ്രധാനിയുമായ Herbert W. Armstrong പറയുന്നത് “7 തുടർമാനമായ പദ്ധതിയാണെന്നാണ്. ഈ ലോകത്തിന്റെ പ്രഭു രക്ഷയ്ക്കായി പ്രവർത്തിക്കാതിരിക്കാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുമ്പോൾ അതിൽ വഞ്ചിതരാകരുത്.” തുടർന്ന് അദ്ദേഹം പറയുന്നത്, “ആർക്കും ഇതുവരെ താൻ രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുവാൻ സാധിക്കയില്ല” എന്നാണ് (Herbert W Armstrong, why were your born again? Page 11).

### 11. വ്യാജ പ്രവചനങ്ങൾ

തങ്ങൾക്ക് ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചു എന്ന് വരുത്തി തീർക്കുവാൻ മിക്ക കൾട്ടു നേതാക്കന്മാരും വ്യാജപ്രവചനങ്ങൾ നടത്താറുണ്ട്. ഈ വ്യാജപ്രവചനങ്ങൾ അവർ ധൈര്യപൂർവ്വം പ്രസ്താവിക്കുമ്പോൾ അവരുടെ അനുയായികൾ അത് അങ്ങനെതന്നെ എന്നു വിശ്വസിക്കുകയും അതിനെ ഏറ്റു പാടുകയും ചെയ്യുന്നു. ആ പ്രവചനങ്ങൾ സംഭവിക്കാതെ വരുമ്പോൾ പോലും അതിനു വേണ്ട വ്യാഖ്യാനങ്ങൾ നൽകുവാൻപോലും ഇക്കൂട്ടർ ശ്രമിക്കാറില്ല. അല്ലെങ്കിൽ മറ്റേതെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞ് അവർ തടിതപ്പുന്നു. ഉദാ: 1914-ൽ ലോകത്തിന്റെ അവസാനമാണ് എന്ന് യഹോവാ സാക്ഷികളുടെ നേതാവായ ചാൾസ് റ്റി. റസൽ പ്രഖ്യാപിച്ചു. എന്നാൽ അതു സംഭവിച്ചില്ല എന്നു നാം അറിയുന്നു. 1967-ൽ World Wide Church of Godന്റെ നേതാവായ Herbert W Armstrong പ്രഖ്യാപിച്ചു. “അടുത്ത 4 വർഷത്തിനുള്ളിൽ വരൾച്ചയും, ക്ഷാമവും, വ്യാധികളും, പടർന്ന് പിടിച്ച് കോടിക്കണക്കിനാളുകൾ മരിച്ചുവീഴും. ഞങ്ങൾക്ക് ഇതൊരു മുന്നറിയിപ്പായി ദൈവം വെളിപ്പെടുത്തിയതാണ്. ആ സമയം ഇതാ വന്നു കഴിഞ്ഞു. 400 വർഷങ്ങളല്ല, 40 വർഷവുമല്ല, 4 വർഷം മാത്രം. കൂടിപ്പോയാൽ 5 വർഷത്തിനുള്ളിൽ” (The United States and British Common Wealth in Prophecy. Pasadena. Ambassador College press 1967 Page 184).

### 12. കൾട്ടു നേതാക്കളുടെ ചില പ്രഖ്യാപനങ്ങൾ

1. ഇപ്പോഴുള്ള സകല ഭരണകൂടങ്ങളും 1914-ൽ തുടച്ചു മാറ്റപ്പെടും (The time is at Hand P.P. 98-99, 1889).
2. 1914 അപൂർണ്ണനായ മനുഷ്യന്റെ വാഴ്ചയുടെ ഇങ്ങേയറ്റത്തെ അതിർത്തിയാണ് (the time is at hand p. 77, 1906 ed).
3. പാലസ്തീനിൽ ഇസ്രായേൽ പുനഃരധിവസിക്കപ്പെടും. (The Kingdom come p. 244).
4. ഭൗതീക യെരുശലേം നിത്യദൈവ കരുണാ പാത്രമായിത്തീരും (The time is at Hand P.77).
5. 1914-ൽ ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ ആക്ഷരീകമായി സ്ഥാപിക്കും. (The Kingdom come p. 126, 1891).

(അവസാനിച്ചു)

# ഉപദേശവും ദുരുപദേശങ്ങളും

ഡോ: ജോൺസൺ സി. ഫിലിപ്പ് & ഡോ: സനീഷ് ചെറിയാൻ



ഗ്രന്ഥകാരൻ, ശാസ്ത്രജ്ഞൻ, ഗവേഷകൻ, ബൈബിൾ അദ്ധ്യാപകൻ.

ഗ്വാളിയോറിലെ ജിവാജി യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകനും ഗവേഷകനുമായി ഔദ്യോഗിക ജീവിതം. സ്രഷ്ടി വാദവും ക്രിസ്തീയ ന്യായശാസ്ത്ര വാദവും കൈകാര്യം ചെയ്യുന്നതിലും ബൈബിൾ വ്യാഖ്യാനത്തിലും പ്രത്യേകം പ്രാഗത്ഭ്യം.

ശാസ്ത്ര സാങ്കേതിക ദൈവിക വിഷയങ്ങളിൽ നിരവധി പഠനങ്ങളും ഗവേഷണങ്ങളും നടത്തിയിട്ടുള്ള ലേഖകൻ അറുപതിലേറെ പുസ്തകങ്ങളും ആറായിരത്തിലേറെ ലേഖനങ്ങളും പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

ഇപ്പോൾ കൊച്ചിയിൽ താമസിച്ച് വിവിധ ശുശ്രൂഷകളിൽ തുടരുന്നു.

**ഡോ: ജോൺസൺ സി. ഫിലിപ്പ്**



ക്രിസ്തീയ സാഹിത്യകാരൻ, എഴുത്തുകാരൻ, വേദാദ്ധ്യാപകൻ എന്നീ നിലകളിൽ പ്രശസ്തനാണ്.

കലാലയ ജീവിതത്തിനു ശേഷം ദൈവ വചനം പഠിക്കാൻ ചിലവഴിച്ചു. അടിസ്ഥാന വേദപുസ്തക ഉപദേശങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തൻ. ക്രിസ്തീയ വിഭാഗങ്ങൾ, ദുരപദേശ സംഘങ്ങൾ തുടങ്ങി നിരവധി വിഷയങ്ങളിൽ ഗവേഷണം നടത്തി. നിരവധി ഗ്രന്ഥങ്ങളും ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

എറണാകുളം ജില്ലയിലെ മണീട് എന്ന സ്ഥലത്ത് പ്രേഷിത പ്രവർത്തനം ചെയ്യുന്ന ഇദ്ദേഹം ഇപ്പോൾ മൈസൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ സോഷ്യോളജിയിൽ ഗവേഷണവും നടത്തുന്നു.

**ഡോ: സനീഷ് ചെറിയാൻ**

A Book By
**Brethren Research Group**